بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ     نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ     وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 4

ലക്കം 22

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 മെയ് 30/ഹി:ശം:1398 ഹിജ്റത്ത് 30/ഹി:ഖ:1440 റമളാൻ 24


## അല്ലാഹുവിന്റെ വചനം

وَمَنْ يَّبْتَغِ غَيْرَ الْاِسْلَامِ دِيْنًا
فَلَنْ يُّقْبَلَ مِنْهُ ۚ
وَهُوَ فِي الْاٰخِرَةِ مِنَ الْخٰسِرِيْنَ ○

(آل عمران:86)

“ഏതൊരുവൻ ഇസ്‌ലാം അല്ലാതെ മറ്റു വല്ല മതവും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. പരലോകത്ത് അയാൾ നഷ്ടമനുഭവിക്കുന്നവരിൽ പെട്ടവനുമായിരിക്കും.”

(3:86)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഇസ്റായീലി പരമ്പരയിലെ അവസാന ഖലീഫ, മൂസാ(അ)യ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വന്നു - അത് മസീഹ് നാസ്വിരി(അ) ആയിരുന്നു. ഇതിനു സമാനമായി ഈ ഉമ്മത്തിലെ മസീഹും പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വരേണ്ടത് നിർബന്ധമായിരുന്നു. ഇതിനു പുറമെ കശ്ഫിന്റെ അഹ്‌ലുകാരും ഈ നൂറ്റാണ്ടിനെ മസീഹിന്റെ നിയോഗകാലമെന്ന് നിശ്ചയിച്ചിരിക്കുന്നു; ശാഹ്‌വൊലിയുല്ലാഹ് സാഹിബിനെ പോലുള്ളവർ.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മസീഹിന് ഇക്കാലഘട്ടവുമായുള്ള പ്രത്യേകത എന്താണ്?

മസീഹിന് ഇക്കാലഘട്ടവുമായി എന്തു പ്രത്യേകതയാണുള്ളതെന്ന് പറഞ്ഞ് ആക്ഷേപിക്കാൻ ചിലർക്ക് അവകാശമുണ്ട്. വിശുദ്ധഖുർആൻ ഇസ്റായീലി-ഇസ്മായീലി പരമ്പരകളിൽ ഖിലാഫത്തന്റെ സാദൃശ്യത പരസ്യമായി സൂചിപ്പിച്ചിരിക്കുന്നു. *വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സ്വാലിഹാത്തി ലയസ്ത്തഖ്‌ലിഫന്നഹും ഫിൽഅർളി കമസ്തഖ്‌ലഫല്ലദീന മിൻഖബ്‌ലിഹിം (24:56)* എന്ന ആയത്തിൽ പ്രകടിപ്പിച്ചതുപോലെ. ഇസ്റായീലിപരമ്പരയിലെ അവസാന ഖലീഫ, മൂസാ(അ)യ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വന്നു- അത് മസീഹ് നാസ്വിരി(അ) ആയിരുന്നു. ഇതിനു സമാനമായി ഈ ഉമ്മത്തിലെ മസീഹും പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വരേണ്ടത് നിർബന്ധമായിരുന്നു. ഇതിനു പുറമെ കശ്ഫിന്റെ അഹ്‌ലുകാരും ഈ നൂറ്റാണ്ടിനെ മസീഹിന്റെ നിയോഗകാലമെന്ന് നിശ്ചയിച്ചിരിക്കുന്നു; ശാഹ്‌വൊലിയുല്ലാഹ് സാഹിബിനെ പോലുള്ളവർ. ചെറിയ അടയാളങ്ങൾ മുഴുവനും വലിയ അടയാളങ്ങൾ ഒരു പരിധിവരെയും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നുവെന്ന് അഹ്‌ലെ ഹദീഥിന്റെ ഐകകണ്ഠ്യേനയുള്ള അഭിപ്രായവും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, ഇതിൽ അവർക്ക് കുറച്ച് തെറ്റിപറ്റിയിട്ടുണ്ട്; എല്ലാ അടയാളങ്ങളും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. വരുന്ന ആളിന്റെ വലിയ കനപ്പെട്ട അടയാളം അല്ലെങ്കിൽ ദൃഷ്ടാന്തം ബുഖാരിയിൽ വന്നിട്ടുള്ളത് യക്സിറു സ്സ്വലീബ വയഖ്ത്തുലുൽഖിൻസീറ (ബുഖാരി, കിതാബു അഹാദീഥുൽ അമ്പിയാഇ, ബാബു നുസൂലു ഈസാ(അ) എന്നെഴുതിയിരിക്കുന്നു. അതായത് മസീഹ് ഇറങ്ങുന്ന നേരത്ത് ക്രിസ്ത്യാനികളുടേയും കുരിശാരാധനയുടേയും ആധിപത്യമായിരിക്കും. അതിനാൽ ഇത് ആ നേരമല്ലേ? എന്തൊക്കെ പാതിരിമാരിൽനിന്ന് സംഭവിച്ചുകഴിഞ്ഞിട്ടുണ്ടോ അതിനു സമാനമായി എന്തെങ്കിലും ആദം അലയ്ഹിസ്സലാം മുതൽ ഇന്നുവരെ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? എല്ലാ രാജ്യത്തും ഭിന്നതയുണ്ടായി. അവരുടെ കൈയിൽ ഒന്നോ അരയോ ചെന്നുപെട്ടിട്ടില്ലാത്ത ഒരു മുസ്‌ലിം കുടുംബവുമില്ല. അതിനാൽ വരുന്ന ആളുടെ കാലം കുരിശു മേധാവിത്വ കാലമാണ്. ഇതിനേക്കാൾ വലിയ ആധിപത്യം പിന്നെന്താണുണ്ടാകേണ്ടത്? വന്യമൃഗങ്ങളെപ്പോലെ എങ്ങനെയാണ് ഇസ്‌ലാമിനുമേൽ മനസ്സിലെ വിരോധം കൊണ്ട് ആക്രമണം നടത്തിയിട്ടുള്ളത്. ഹദ്റത്ത് നബി(സ)തിരുമേനിയെ അങ്ങേയറ്റം മൃഗീയമായ വാക്കുകൾകൊണ്ടും ചീത്തവിളികൊണ്ടും ഓർമിക്കാത്ത ഏതെങ്കിലും സംഘമുണ്ടോ? വരേണ്ടുന്ന ആളുടെ കാലം ഇന്നല്ലെങ്കിൽ, എത്രയുംവേഗം അയാൾ വന്നാൽത്തന്നെ നൂറുവർഷത്തിനുള്ളിൽ വരേണ്ടതാണ്. കാരണം അക്കാലം മുജദ്ദിദിന്റേതാണ്. അദ്ദേഹം വരേണ്ട കാലം നൂറ്റാണ്ടിന്റെ തലയ്ക്കലാണ്. ഒരു നൂറ്റാണ്ടുവരെ പാതിരിമാരുടെ ശക്തമായ വിജയത്തെ നേരിടാൻ ഇസ്‌ലാമിന് ഇനിയും ശക്തിയുണ്ടോ? ആധിപത്യം പരിധിവരെ എത്തുകയും വരേണ്ടയാൾ വരികയും ചെയ്തിരിക്കുന്നു. ഇപ്പോൾ അദ്ദേഹം ദജ്ജാലിനെ തെളിവുകൾകൊണ്ട് നശിപ്പിക്കുന്നതായിരിക്കും; കാരണം അദ്ദേഹത്തിന്റെ കൈയാൽ ജാതികളുടെ ഉന്മൂലനം വിധിക്കപ്പെട്ടിരിക്കുന്നുവെന്ന് ഹദീഥുകളിൽ വന്നുകഴിഞ്ഞിട്ടുള്ളതാണ്; ജനങ്ങളുടേയും ജാതിക്കാരുടേയും കൈയാലല്ല. അങ്ങനെതന്നെ അത് പൂർത്തിയായി.

### മസീഹ് മൗഊദിനെ പിന്തുണച്ച് ആകാശീയമായ അടയാളങ്ങൾ

വരുന്ന ആളുടെ ഒരു ദൃഷ്ടാന്തം അക്കാലത്ത് റമളാനിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുമെന്നുള്ളതുമാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തത്തെ അവഹേളിക്കുന്നവൻ അല്ലാഹുവിനെയാണ് അവഹേളിക്കുന്നത്. അദ്ദേഹത്തിന്റെ വാദത്തിനുശേഷം സൂര്യചന്ദ്ര ഗ്രഹണം ഉണ്ടാകുക എന്നത് കറ്റുകെട്ടിൽനിന്നും കളവിൽനിന്നും ദൂരെയുള്ള കാര്യമാണ്. ഇതിനുമുമ്പേ ഇത്തരം സൂര്യചന്ദ്രഗ്രഹണം ഒരിക്കലും ഉണ്ടായിരിക്കില്ല. ഇതെങ്ങനെയുള്ള ദൃഷ്ടാന്തമായിരുന്നുവെന്നാൽ, ഇതുമുഖേന അല്ലാഹു മുഴുലോകത്തും വരുന്നയാളുടെ വിളംബരം നടത്തണമായിരുന്നു. അങ്ങനെ അറേബ്യക്കാരും ഈ ദൃഷ്ടാന്തംകണ്ട് തങ്ങളുടെ ഇഷ്ടമനുസരിച്ച് ശരി പറഞ്ഞു. വിളംബരം എന്ന നിലയിൽ നമ്മുടെ വിജ്ഞാപനങ്ങൾ എത്താത്തിടങ്ങളിലെല്ലാം ഈ സൂര്യചന്ദ്രഗ്രഹണങ്ങൾ വരേണ്ട ആളുടെ കാലം വിളിച്ചുപറഞ്ഞു. ഇത് അല്ലാഹുവിന്റെ ദൃഷ്ടാന്തമായിരുന്നു; അത് മാനുഷികമായ പദ്ധതികളിൽനിന്ന് തികച്ചും പരിശുദ്ധമായിരുന്നു. എങ്ങനെയുള്ള തത്ത്വചിന്തകനാണെങ്കിലും ചിന്തിച്ചുനോക്കട്ടെ. നിശ്ചയിക്കപ്പെട്ട ദൃഷ്ടാന്തം പുലർന്ന സ്ഥിതിക്ക് അതിന്റെ പ്രതിഭയും എവിടെയെങ്കിലും ഉണ്ടാവേണ്ടതല്ലേ എന്ന് ആലോചിക്കുക. ഏതെങ്കിലും കണക്കിന്റെ അടിസ്ഥാനത്തിലുള്ള കാര്യമായിരുന്നില്ല ഇത്; ഏതെങ്കിലും മഹ്ദിവാദി വന്നതിനുശേഷമായിരിക്കും അതുണ്ടാകുക എന്നു പറഞ്ഞതുപോലെ. ആദം(അ) മുതൽ ഈ മഹ്ദിവരെ ഇത്തരം ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന് നബി(സ)തിരുമേനി പറഞ്ഞതാണ്. ആരെങ്കിലും ചരിത്രത്തിൽനിന്ന് തെളിയിച്ചുകാണിച്ചാൽ നാം വിശ്വസിക്കുന്നതായിരിക്കും.

അക്കാലഘട്ടത്തിൽ വാൽനക്ഷത്രം ഉദിക്കുമെന്നതായിരുന്നു ഒരു ദൃഷ്ടാന്തം. അതായത് മുമ്പേ കടന്നുകഴിഞ്ഞിട്ടുള്ള വർഷങ്ങളുടെ നക്ഷത്രം; മസീഹ് നാസ്വിരിയുടെ കാലഘട്ടത്തിൽ ഉദിച്ചിരുന്ന നക്ഷത്രം. ഇപ്പോൾ ആ നക്ഷത്രവും ഉദിച്ചു. അത് യഹൂദികളുടെ മസീഹിന്റെ അറിയിപ്പ് ദൈവികമായ നിലയിൽ നല്കിയിരുന്നു. ഇപ്രകാരംതന്നെ വിശുദ്ധഖുർആൻ നോക്കുമ്പോൾ അറിയാൻ കഴിയുന്നത് *വ ഇദൽ ഇശാറു ഉത്ത്വിലത്ത് വഇദൽ വുഹൂശു ഹുശിറത്ത് വ ഇദൽ ബിഹാറു സുജ്ജിറത്ത് വഇദന്നുഫൂസു സുവ്വിജത്ത് വഇദൽ മൗഊദത്തു സുഇലത്ത് ബിഅയ്യിദൻബിൻ ഖുത്തിലത്ത് വഇദസ്സ്വുഹ്ഫു നുശിറത്ത് (81:5)* അക്കാലത്ത് പത്തുമാസം ഗർഭിണിയായ ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും. മുൻകാലങ്ങളിൽ യാത്രയ്ക്ക് ഉപയോഗിച്ചിരുന്ന ഉന്നതക്കിടയിലുള്ള യാത്രാവാഹനം ഉപേക്ഷിക്കപ്പെടും. അക്കാലത്ത് ഉന്നതനിലയിലുള്ള യാത്രാവാഹനങ്ങൾ കണ്ടുപിടിക്കുന്നതുകൊണ്ട് ഇത്തരം വാഹനങ്ങൾ ആരും ഉപയോഗിക്കുകയില്ല. ഇതുകൊണ്ടുദ്ദേശിക്കുന്നത് റെയിലിന്റെ കാലമാണ്. ഈ ആയത്തുകളുടെ ബന്ധം ഖിയാമത്തുമായിട്ടാണെന്ന് ആളുകൾ വിചാരിക്കുന്നു. ഖിയാമത്തുന്നാളിൽ ഒട്ടകങ്ങൾ ഗർഭിണികളായി എങ്ങനെയാണ് ഇരിക്കുകയെന്ന് അവർ ചിന്തിക്കുന്നില്ല. കാരണം 'ഇശാർ' കൊണ്ടുള്ള ഉദ്ദേശ്യം ഗർഭിണികളായ ഒട്ടകങ്ങളാണ്. അക്കാലഘട്ടത്തിൽ നാലുഭാഗത്തും നദികൾ വ്യാപിക്കുമെന്ന് എഴുതിയിരിക്കുന്നു. ഗ്രന്ഥങ്ങൾ ധാരാളമായി പ്രസിദ്ധീകരിക്കപ്പെടുമെന്നും പറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ ഈ എല്ലാ അടയാളങ്ങളും ഇക്കാലത്തെ സംബന്ധിച്ചാണ്.

### മസീഹ് മൗഊദിന്റെ വെളിപ്പെടൽ

നാടിനെ സംബന്ധിച്ചുള്ള കാര്യമാണ് ഇനിയുള്ളത്. ഓർമിക്കുക. ദജ്ജാൽ വെളിപ്പെടുന്നത് പൗരസ്ത്യദേശത്താണെന്ന് പറയപ്പെട്ടിരിക്കുന്നു. അതുകൊണ്ടുദ്ദേശിക്കുന്നത് നമ്മുടെ രാജ്യങ്ങളാണ്. ദജ്ജാലി ഫിത്നയുടെ വെളിപ്പെടൽ ഹിന്ദുസ്താനിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് ഹുജജുൽ കിറാമ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് എഴുതിയിരിക്കുന്നു. ഇത് പ്രകടിപ്പിക്കുന്നത് മസീഹിന്റെ വെളിപ്പെടൽ ഈ സ്ഥലത്ത് ഉണ്ടാകുമെന്നാണ്; ദജ്ജാലുള്ളിടത്ത്. പിന്നീട് ആ ഗ്രാമത്തിന്റെ പേര് 'ഖദ്അ' എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അത് 'ഖാദിയാൻ' ലോഭിച്ചതാണ്.

**(ശേഷം പേജ് 12ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മതത്തിന്റെ ആവശ്യകത

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)
(മഹ്ദീ മസീഹിന്റെ രണ്ടാം ഖലീഫ)
(ഇംഗ്ലീഷ് വിവർത്തനം: സഹീർ മഹ്മൂദ് മാലിക്. മലയാളത്തിൽ മൊഴിമാറ്റിയത് കെ.വി. ഹസ്സൻകോയ, കോഴിക്കോട്)

## കഴിഞ്ഞ ലക്കം തുടർച്ച.....)

സ്വപ്നം മുഖേന ഒരാൾ ചില കാര്യങ്ങൾ മനസ്സിലാക്കുന്നു. അപ്പോഴുള്ള അവസ്ഥയ്ക്ക് അത് പൊതുവായി വിശ്വസിക്കപ്പെട്ടതിന് എതിരായിരിക്കുകയില്ല. എന്നിട്ടും ആ സ്വപ്നം സത്യമായി പുലരുകയും ചെയ്താൽ അത് തെളിയിക്കുന്നത് താനുമായി ബന്ധമുള്ള ആൾക്ക് ദൈവം ആ അറിവ് വെളിപാടായി തുറക്കുന്നുവെന്നാണ്. അങ്ങനെ അവരുടെ വ്യസനവും ദുഃഖവും അകറ്റുന്നു. എന്റെ മനസ്സിൽ വളരെ അഗാധമായുണ്ടായ വേദനയും ദുഃഖവും എന്റെ നാഥൻ ഈ രീതിയിൽ അകറ്റി. ഞങ്ങളുടെ ജമാഅത്തിൽ നിരവധിയാളുകളുണ്ട്. അവരോട് ദൈവം സംസാരിക്കുന്നു. അല്ലാഹു അവർക്ക് ആദരവ് നല്കുന്നു. അവരുടെ എതിരാളികളെ നിന്ദ്യരാക്കുകയും ദൈവികസഹായത്തിന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യുന്നു. പ്രവാചകന്മാർക്കെതിരിൽ ലോകം മുഴുവൻ ഒന്നിച്ചുനിന്നാലും അവർ പരാജയപ്പെടുകയും ദൈവദാസന്മാർ വിജയിക്കുകയും ചെയ്യുന്നു.

### വാഗ്ദത്ത മസീഹ്(അ)ന്റെ പ്രവചനപൂർത്തീകരണം ദൈവാസ്തികൃത്തിന്റെ തെളിവ്

താൻ ദൈവനിയുക്തനാണെന്ന വാദം വാഗ്ദത്ത മസീഹ്(അ) ഉന്നയിക്കുകയും തന്നോടു ദൈവം സംസാരിക്കുകയും ചെയ്യുന്നുവെന്ന് പറയുകയും ചെയ്തപ്പോൾ മിത്രവും ശത്രുവുമായ ഓരോ ആളും അദ്ദേഹത്തെ എതിർത്തു. ഈ ലാഹോർ പട്ടണത്തിൽത്തന്നെ അദ്ദേഹത്തെ ജനങ്ങൾ കല്ലെറിഞ്ഞു. അമൃതസറിലും ജനക്കൂട്ടം അദ്ദേഹത്തെ കല്ലെറിഞ്ഞു. അതിലുപരി ക്രിസ്തീയപാതിരിമാർ അദ്ദേഹത്തിന്നെതിരിൽ വധശ്രമത്തിന് കേസ് കൊടുത്തു. ഓരോരുത്തരും അദ്ദേഹത്തിന്നെതിരിൽ ആവുന്നതെല്ലാം ചെയ്തു. പക്ഷേ, സർവ്വശക്തനായ ദൈവം അദ്ദേഹത്തിനെ ഈ പരീക്ഷണങ്ങളുടെ കാര്യം മുൻകൂട്ടി അറിയിക്കുകയും എന്തൊക്കെ നടന്നാലും അദ്ദേഹത്തിന് ഒരു ദോഷവും വരികയില്ലെന്ന് പറയുകയും ചെയ്തു. സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹംകൊണ്ട് കാര്യങ്ങളെല്ലാം മുൻകൂട്ടി പറയപ്പെട്ടവിധം സംഭവിച്ചു. ലോകം വാഗ്ദത്തമസീഹിന്റെ(അ) ജമാഅത്തിനെ ഉന്മൂലനം ചെയ്യാൻ തന്ത്രങ്ങൾ മെനഞ്ഞെങ്കിലും ഒന്നും സംഭവിച്ചില്ല. ജമാഅത്ത് ദൈനംദിനം വളർന്നുവന്നു.

താനൊരു സാധാരണ മനുഷ്യനാണെന്ന് വാഗ്ദത്ത മസീഹ്(അ)പ്രസ്താവിച്ചു. താൻ പ്രസിദ്ധിയോ ഔന്നത്യമോ ആഗ്രഹിക്കുന്നില്ല. തനിക്ക് ഭൗതികാധികാരമോ സ്വാധീനമോ ഇല്ല. എന്നിരിക്കിലും തനിക്ക് ബഹുമതി നല്കുമെന്നും തന്റെ അനുയായികൾ ലോകം മുഴുവൻ വ്യാപിക്കുമെന്നും സർവ്വശക്തനായ ദൈവം തന്നെ അറിയിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചു. ഇതെങ്ങനെയാണ് പൂർത്തിയാകുന്നതെന്നു ചിന്തിച്ചുനോക്കുവിൻ. അതേപ്രകാരം രാജ്യം മുഴുവൻ പ്ലേഗ് പൊട്ടിപ്പുറപ്പെടുമെന്നും ഖാദിയാനിലും പ്ലേഗ് ഉണ്ടാകുമെന്നും എന്നാൽ, തന്റെ ഗൃഹം അതിൽനിന്നൊഴിവായിരിക്കുമെന്നും സർവ്വശക്തനായ അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു. അതുപ്രകാരം പ്ലേഗ് അദ്ദേഹത്തിന്റെ രണ്ട് വശങ്ങളിലും വ്യാപിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ ഭവനം സുരക്ഷിതമായി. മതം സ്വീകരിച്ചാലുണ്ടാകുന്ന ഭൗതികനേട്ടങ്ങളിൽ ചിലതാണ് ഇവ. അടുത്ത ജീവിതത്തിൽ അതായത് പാരത്രികജീവിതത്തിൽ ഒരാൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ അവസാനമില്ലാത്തതും എണ്ണമറ്റതുമാണ്. നിങ്ങളെല്ലാവരും ഇന്ന് പഠിക്കുന്നു. അതുമുഖേന ഭാവിയിൽ നിങ്ങൾക്ക് പ്രയോജനമുണ്ടാകുന്നു. നിങ്ങളുടെ ഇപ്പോഴത്തെ പഠനം നിഷ്ഫലമായ ഒരു വ്യായാമമല്ല. അതുകൊണ്ട് മതത്തിന്റെ ആവശ്യകതയുണ്ട് എന്ന കാര്യം വ്യക്തമാണ്. ഒരു വ്യക്തി ഇസ്‌ലാം നിർദേശിച്ച പ്രകാരം ശരിയായ പാത പിന്തുടരുകയാണെങ്കിൽ അതയാളെ ദൈവത്തിലേക്ക് നയിക്കുന്നു. ആരാണോ ഐഹികജീവിതത്തിൽ ദൈവവുമായി ബന്ധം സ്ഥാപിക്കുകയും അതിൽനിന്ന് പൂർണമായും പ്രയോജനം നേടുകയും ചെയ്യുന്നത് അയാൾ പരലോകത്ത് പ്രതിഫലം കൊയ്യുന്നതാണ്.

രണ്ടാമത്തെ വിധത്തിലുള്ള ആവശ്യകതയുള്ളത് ഒരാൾ ജന്മസിദ്ധമായ ഗുണങ്ങൾ പ്രാപിക്കുമ്പോഴാണ്. ഇസ്‌ലാമിന്റെ അതുല്യമായ ഗുണങ്ങൾ എത്രത്തോളം എണ്ണമറ്റതാണെന്നാൽ മറ്റൊരു മതത്തിനും അതുമായി താരതമ്യമില്ലെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. തങ്ങളെ സ്വയം മുസ്‌ലിമീംകളെന്ന് വിളിക്കുന്നവർ ചെയ്തുകൂട്ടുന്ന ദുഷ്കർമങ്ങളുടെ പ്രത്യാഘാതങ്ങൾ ഇസ്‌ലാമിനെ കുറ്റപ്പെടുത്തുന്നതിനുള്ള അടയാളങ്ങളല്ല. ഇസ്‌ലാം സൂചിപ്പിച്ച മാർഗങ്ങൾക്കെതിരിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്.

ഇതിനുശേഷം താഴെപറയുന്ന രണ്ട് പോയന്റുകൾ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എടുത്തുകാട്ടുന്നു.

1. മറ്റു മതങ്ങളെ പിൻപറ്റുന്നവരും പ്രവചനങ്ങൾ നടത്തുന്നു. അതിനാൽ ഈ മേന്മ ഇസ്‌ലാമിന് മാത്രമുള്ളതല്ല.
2. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ജമാഅത്ത് വ്യാപിച്ചത് അദ്ദേഹത്തിന്റെ സത്യതയ്ക്ക് തെളിവല്ല. കാരണം റഷ്യയിൽ ലെനിനും മഹത്തായ വിജയം വരിച്ചിട്ടുണ്ട്.

### വാഗ്ദത്ത മസീഹ്(അ)ന്റേയും മറ്റു വ്യക്തികളുടേയും പ്രവചനങ്ങൾ തമ്മിലുള്ള വ്യത്യാസം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) പറഞ്ഞു:

ആദ്യത്തെ വാദമുഖത്തിനു മറുപടിയായി മറ്റു മതങ്ങളുടെ ചില അനുയായികൾ പ്രവചനങ്ങളുടെ ആധികാരികതയെ പറ്റേ നിഷേധിക്കുന്നവരാണ് എന്നാണ് പറയാനുള്ളത്. മറ്റുചിലരുണ്ട്, അവർ സമയാസമയങ്ങളിൽ പ്രവചനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. എന്തായാലും അത് തങ്ങളുടെ മതത്തിന്റെ പ്രത്യേകമായ പ്രവചനങ്ങളുടേയും അധ്യാപനങ്ങളുടേയും അടിസ്ഥാനത്തിലാണ് പ്രവചനം ചെയ്യുന്നത് എന്നവകാശപ്പെടുന്നില്ല. മറിച്ച്, അവർ പറയുന്നത് പ്രവചനങ്ങളുടെ വ്യക്തിപരമായ അറിവിന്റെ അടിസ്ഥാനത്തിലാണെന്നാണ്. എല്ലാ ജോത്സ്യന്മാരും തങ്ങളുടെ അറിവിന്റെ അടിസ്ഥാനത്തിൽ പ്രവചനങ്ങൾ നടത്തുന്നു. ദൈവം തങ്ങൾക്ക് നല്കിയ അറിവിന്റെ അടിസ്ഥാനത്തിലാണതെന്ന് ഒരിക്കലും അവർ പറയുന്നില്ല. യൂറോപ്പിലെ പ്രഗത്ഭരായ ജ്യോതിശാസ്ത്രജ്ഞന്മാർ പ്രവചനങ്ങൾ നടത്തുന്നുണ്ട്. അവർ തങ്ങളെ സ്വയം ഏതെങ്കിലും മതവുമായി ബന്ധപ്പെടുത്തുന്നില്ല. മറിച്ച്, അവർ പ്രവചനങ്ങൾ നടത്തുമ്പോൾ അവ തങ്ങളുടെ അറിവിന്റെ അടിസ്ഥാനത്തിലാണെന്നാണ് പറയുന്നത്. ഈ വൈദഗ്ദ്ധ്യം പഠിക്കുന്ന ആർക്കും പ്രവചനത്തിൽ മികവ് കാണിക്കാമെന്നും ഏത് മതാനുയായിയാണെന്നതിന് പ്രസക്തിയില്ലെന്നുമാണ് അവർ പറയുന്നത്. അതിലുപരി അങ്ങനെയുള്ള പ്രവചനം പുലരുന്നത് അപ്പോൾ നിലവിലുള്ള സാഹചര്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഉദാഹരണമായി പൂർണ വൈദഗ്ദ്ധ്യം സിദ്ധിച്ച ഒരു വിദ്യാർഥിയുടെ രക്ഷിതാവ് ആ വിദ്യാർഥി ദിവസവും പഠിക്കുന്നവനാണെങ്കിൽ തന്റെ പരീക്ഷകൾ പാസാകുമെന്ന് പ്രവചിക്കുന്നു. യഥാർഥത്തിൽ അവൻ എല്ലാ പരീക്ഷകളും പാസാകുകയും ചെയ്യുന്നു. അപ്പോൾ ഇതിൽ അസാധാരണമായി ഒന്നുമില്ല. ഇത് വെറും അനുമാനം മാത്രമാണ്. അനുമാനം പലപ്പോഴും സത്യമായേക്കാം. എങ്കിലും സ്ഥാപിതമായ സാഹചര്യങ്ങളൊന്നുമില്ലാത്ത കാര്യത്തെക്കുറിച്ച് പ്രവചനം നടത്തുക എന്നത് വ്യത്യസ്തമായ കാര്യമാണ്. മറിച്ച് പ്രവചനം നിലവിലുള്ള സാഹചര്യങ്ങൾക്ക് എതിരുമാണ്. ഉദാഹരണമായി ഒരു കുട്ടി സ്കൂളിൽ ഹാജരാകുന്നതുപോലുമില്ല. എന്നാൽ, അവൻ പരീക്ഷ പാസാകുമെന്ന് പറയുന്നു. അത് സത്യമായി പുലരുകയാണെങ്കിൽ അതൊരു പ്രവചനമാണ്. അതുപോലെതന്നെ ഒരു പ്രവചനം നടത്തുന്നതിന് മൂന്നോ നാലോ വശങ്ങളുണ്ട്. അതിന്റെ ശരിയായ വശം പ്രത്യേകമായി പറയുന്നു. അത് സത്യമായി പുലരുന്നു. എന്നാൽ, അതൊരു പ്രവചനമാണ്. ചില സന്ദർഭങ്ങളിൽ ഒരു പ്രവചനത്തിന് നൂറിലധികം വശങ്ങളുണ്ടാകും. ഉദാഹരണമായി നൂറാളുകൾ ഓട്ടം നടത്തുന്നു. ഇന്നയാൾ മത്സരത്തിൽ ജയിക്കുന്നു. ഇത് പ്രവചനത്തിന്റെ ഉദാഹരണമാണ്. അതിൽ നൂറു സാധ്യതകളുണ്ട്.

ജ്യോത്സ്യന്മാരും ജ്യോതിശ്ശാസ്ത്രജ്ഞന്മാരും നടത്തുന്ന പ്രവചനങ്ങൾക്ക് വ്യത്യസ്തമായ വശങ്ങളില്ല. ഈ പ്രവചനം സത്യമായി പുലരുമോ എന്ന കാര്യത്തിൽ തീർച്ചയില്ല. അവയ്ക്കെന്തു ഫലമാണ് സ്വയംതന്നെ ഉണ്ടാവുക. സന്ദർഭവശാൽ വരാൻപോകുന്ന ഭൂകമ്പത്തെക്കുറിച്ചോ പകർച്ചവ്യാധിയെക്കുറിച്ചോ അവർക്ക് മുൻകൂട്ടി പറയാൻ സാധിച്ചേക്കാം. എന്നാൽ, അവ മുഖേന പറയുന്നവൻ തന്നെ നശിച്ചുപോയേക്കാം.

പക്ഷേ, പ്രവാചകന്മാർ നടത്തുന്ന പ്രവചനങ്ങൾ ഇതിൽനിന്നും വിമുക്തമാണ്. അത് പലപ്പോഴും സ്ഥാപിതമായ സാഹചര്യങ്ങൾക്കെതിരുമായിരിക്കും. അവരുടെ പ്രവചനങ്ങൾ വിവിധങ്ങളായ അടുക്കുകളും വശങ്ങളും ഉൾക്കൊള്ളുന്നു. അതിലുപരി ആ പ്രവചനങ്ങൾ ഗാംഭീര്യവും ആധികാരികമായ ആജ്ഞയും ഉൾക്കൊള്ളുന്നതാണ്. വാഗ്ദത്ത മസീഹ്(അ)ന്റെ ബംഗാൾ വിഭജനത്തെ

( ശേഷം പേജ് 12ൽ)

‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

## ഖുത്ബ ജുമുഅ

നബി(സ)തിരുമേനിയെക്കാൾ അല്ലാഹുവിന് പ്രിയപ്പെട്ടവനായി ആരുമില്ല. അവിടന്ന് അല്ലാഹുവിന്റെ ഹബീബാണ്. പക്ഷേ, അല്ലാഹുവിന്റെ നിരാശ്രയത്വത്തിന്റേയും അവനോടുള്ള ഭയഭക്തിയുടേയും ദൈവഭയത്തിന്റേയും ലോകം എന്തായിരുന്നുവന്നാൽ തന്നെകുറിച്ചുപോലും പറയുന്നത് തന്നോട് എത്തരത്തിലാണ് പെരുമാറുക എന്ന് തനിക്കറിയില്ല എന്നാണ്. അതുകൊണ്ട് നമ്മൾ എത്ര ഭയപ്പേടേണ്ട സ്ഥാനമാണിത്. സൽകർമങ്ങൾ ചെയ്യാൻ എത്രത്തോളം ചിന്തയുണ്ടാവേണ്ടതാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുക.

'ഹദ്റത്ത് സയ്ദ് പറഞ്ഞു:'ഞാൻ ജീവനോടെ വരികയോ വരാതിരിക്കുകയോ ചെയ്യട്ടെ, പക്ഷേ, മുഹമ്മദ് നബി(സ)അല്ലാഹുവിന്റെ സത്യവാനായ റസൂലും നബിയും തന്നെയാണ്.'

ഈ ആരംഭകാല മുഅല്ലിമീൻ സിന്ധിലും വളരെ ത്യാഗം ചെയ്താണ് കഴിഞ്ഞിരുന്നത്. സ്വയം വെള്ളമേറ്റി ദൂരദൂരത്തുനിന്ന് കൊണ്ടുവന്നു. മണ്ണുകൂട്ടി. പിന്നീട് മൺകട്ടകളുണ്ടാക്കി. അങ്ങനെ സ്വയം താമസത്തിന് മുറിയുണ്ടാക്കി. ജമാഅത്തിനോട് സഹായമൊന്നും ചോദിച്ചില്ല.

**ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാരായ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനിന്റേയും ഹദ്റത്ത് വഹബ് ബിൻ സഅ്ദ് ബിൻ അബീ സർഹിന്റേയും (റളിയല്ലാഹു അൻഹുമാ) അനുഗൃഹീത ജീവചരിത്ര വിവരണം**

മുബല്ലിഗ് മലിക് മുഹമ്മദ് അക്റം സാഹിബിന്റെ അനുസ്മരണവും ജനാസ ഹാജറും.
മുബല്ലിഗ് ചൗദ്‌രി അബ്ദുശ്ശക്കൂർ സാഹിബ്, വഖ്ഫെ ജദീദ് മുഅല്ലിം മലിക് സ്വാലിഹ് മുഹമ്മദ് സാഹിബ്, ടൻസാനിയായിലെ Mwishehe ജുമുഅ സാഹിബ് എന്നിവരുടെ അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 ഏപ്രിൽ 26/1398 ശഹാദത്ത് 26**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ)നെക്കുറിച്ച് വിവരിച്ചുകൊണ്ട്, അദ്ദേഹം 'ജന്നത്തുൽ ബഖീ'യിൽ അടക്കം ചെയ്യപ്പെട്ട ആദ്യ വ്യക്തിയായിരുന്നു എന്നു പറഞ്ഞ് അവസാനിപ്പിച്ചിരുന്നു.(ഉസുദുൽ ഗാബ വാള്യം 3, പേജ് 591, ഉഥ്മാൻ ബിൻ മള്ഊൻ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

'ജന്നത്തുൽ ബഖീ'യിന്റെ അടിസ്ഥാനത്തെയും ആരംഭത്തെയും കുറിച്ച് ലഭ്യമാകുന്ന വിശദാംശങ്ങൾ ഇപ്രകാരമാണ്. നബി(സ)തിരുമേനി മദീനയിൽ വന്നതിനുശേഷം അവിടെ ഒരുപാട് ഖബർസ്ഥാനങ്ങളുണ്ടായിരുന്നു. അറബികളുടെ വിവിധ ഗോത്രങ്ങൾക്ക് അവരവരുടെ ഖബർസ്ഥാനങ്ങളുണ്ടായിരുന്നു. യഹൂദികൾക്ക് അവരുടേതായ ഖബർസ്ഥാനങ്ങളുമുണ്ടായിരുന്നു. പരിശുദ്ധ മദീന ആ സമയത്ത് വിവിധ പ്രദേശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയായിരുന്നു. അതുകൊണ്ടു ഓരോ ഗോത്രവും അവരവരുടെ പ്രദേശങ്ങളിൽ തുറസ്സായ സ്ഥലങ്ങളിൽ മൃതദേഹങ്ങൾ സംസ്കരിക്കുമായിരുന്നു. ഖുബാക്ക് വളരെ പ്രസിദ്ധമായ വേറെ ഖബർസ്ഥാനുണ്ടായിരുന്നു. അതായത് അവിടങ്ങളിൽ ചെറിയ ചെറിയ മറ്റു ഖബർസ്ഥാനങ്ങളുമുണ്ടായിരുന്നു. 'ബനൂളഫ്റിന്' സ്വന്തം ശ്മശാനം ഉണ്ടായിരുന്നു. അതുപോലെ 'ബനൂ സലമ'യ്ക്ക് അവരുടേതായ ഖബർസ്ഥാനുണ്ടായിരുന്നു. ഇതര ഖബർസ്ഥാനുകളിൽ 'ബനൂസായിദ'യുടെ ഖബർസ്ഥാനുണ്ടായിരുന്ന സ്ഥലത്തായിരുന്നു പിന്നീട് 'സൂഖുന്നബി' നിലവിൽ വന്നത്. അവിടെയാണ് 'മസ്ജിദുന്നബ്‌വി' നിർമിക്കപ്പെട്ടത്. അവിടെയും ഈന്തപ്പനക്കൂട്ടങ്ങൾക്കിടയിൽ ചില ബഹുദൈവാരാധകരുടെ ഖബർസ്ഥാനങ്ങളുമുണ്ടായിരുന്നു. ഈ എല്ലാ ഖബർസ്ഥാനങ്ങളിലുംവച്ച് 'ബഖീഉൽ ഗർഖദ്' ഏറ്റവും പുരാതനവും പ്രസിദ്ധവുമായ ഖബർസ്ഥാനായിരുന്നു. പിന്നീട് നബി(സ)തിരുമേനി അതിനെ മുസ്‌ലിമീംകൾക്കുവേണ്ടിയുള്ള ഖബർസ്ഥാനായി തിരഞ്ഞെടുത്തതു മുതൽ ഇന്നേവരെ അതിനുമാത്രമായൊരു സവിശേഷമായ സ്ഥാനമുണ്ടായി. ആ സവിശേഷത എന്നെന്നും നിലനിൽക്കുന്നതുമാണ്.

ഹദ്റത്ത് ഉബയ്ദുല്ലാ ബിൻ അബീ റാഫിയിൽനിന്നു നിവേദനം: മുസ്‌ലിമീംകൾക്കു മാത്രമായുള്ള ഒരു ഖബർസ്ഥാനുവേണ്ടി, സ്ഥലത്തിന്റെ അന്വേഷണത്തിലായിരുന്നു നബി(സ) തിരുമേനി. അതിന് വിവിധ സ്ഥലങ്ങൾ കണ്ടുവെങ്കിലും 'ബഖീഉൽ ഗർഖദ്'നായിരുന്നു അതിൽ അഭിമാനിക്കുവാനുള്ള വിധിയെഴുതിയിരുന്നത്. നബി(സ)തിരുമേനി പറഞ്ഞു: 'ഈ സ്ഥ ലം തിരഞ്ഞെടുക്കാനായി എനിക്ക് കല്പന ലഭിച്ചിരിക്കുന്നു.' അതിനെ അക്കാലത്ത് 'ബഖീഉൽ ഖബ്ഖബ' എന്നായിരുന്നു പറയാറുണ്ടായിരുന്നത്. അവിടെ ധാരാളം ഗർഖദ് മരങ്ങളും തനിയെ കിളിർത്തുവന്ന പൊന്തക്കാടുകളും ഉണ്ടായിരുന്നു. കൊതുകുകളുടേയും മറ്റു കീടങ്ങളുടേയും വിഹാരസ്ഥലമായിരുന്നു അത്. അവിടുത്തെ മാലിന്യങ്ങളും കാടും കാരണത്താൽ കൊതുകുകൾ പറന്നുയരുമ്പോൾ പുകയുടെ കാർമേഘം വ്യാപിച്ചതുപോലെ തോന്നിയിരുന്നു.

പറഞ്ഞുകഴിഞ്ഞതുപോലെ അവിടെ ഏറ്റവുമാദ്യം മറയടക്കപ്പെട്ടത് ഉഥ്മാൻ ബിൻ മള്ഊൻ ആയിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ഖബ്റിന്റെ അടയാളമായി ഒരു കല്ലെടുത്ത് തലഭാഗത്ത് നാട്ടി. എന്നിട്ടു പറഞ്ഞു: 'നമുക്കു മുമ്പേ പോയ ആളാണിദ്ദേഹം.' അതിനുശേഷം ആരെങ്കിലും മരണമടയുമ്പോൾ ജനങ്ങൾ നബി(സ)തിരുമേനിയോട് എവിടെയാണ് മറവു ചെയ്യേണ്ടത് എന്ന് ചോദിക്കുമായിരുന്നു. അപ്പോൾ നബി(സ)പറയുമായിരുന്നു: 'നമുക്കു മുമ്പേ കടന്നു പോയ ഉഥ്മാൻ ബിൻ മള്ഊന്റെ സമീപത്ത്!' 'ബഖീഅ്' എന്നാൽ, അറബിയിൽ വരളയധികം വൃക്ഷങ്ങളുള്ള പ്രദേശത്തിനാണ് പറയുക. പരിശുദ്ധ മദീനയിലെ ഈ പ്രദേശം 'ബഖീഉൽ ഗർഖദ്' എന്ന പേരിലറിയപ്പെടാൻ തുടങ്ങി. എന്തെന്നാൽ, അവിടെ ഗർഖദ് മരങ്ങൾ ധാരാളമുണ്ടായിരുന്നു. കൂടാതെ അവിടെ മരുപ്രദേശങ്ങളിൽ സ്വയം പൊട്ടിമുളച്ചുവളരുന്ന പൊന്തക്കാടുകളും ധാരാളമായി ഉണ്ടായിരുന്നു.'ജന്നത്തുൽ ബഖീഅ്' എന്നും ഇത് പറയപ്പെടുന്നു. 'ജന്നത്ത്'എന്ന പദത്തിന് അറബിയിൽ ഒരു ഉദ്ദേശ്യമുണ്ട്; തോട്ടം അല്ലെങ്കിൽ ഉദ്യാനം. അതുകൊണ്ട് ഈ സ്ഥലം അറബികളല്ലാത്തവരിൽ 'ജന്നത്തുൽ ബഖീഅ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. അബ്ദുൽഹമീദ് ഖാദിരി സാഹിബാണ് ഈ വിശദീകരണം നല്കിയിട്ടുള്ളത്. പിന്നീട് പറയുന്നു, അറബികൾ അധികം തങ്ങളുടെ ഖബർസ്ഥാനുകളെ 'ജന്നത്ത്' എന്നുതന്നെയാണ് വിളിക്കുന്നതെന്ന കാര്യവും നമ്മൾ മറക്കാൻ പാടില്ല. അതിന്റെ ഒരു പേര് 'മഖാബിറുൽ ബഖീഅ്' എന്നുമുണ്ട്. അത് ഗ്രാമീണരായ അറബികളിൽ കൂടുതൽ പ്രസിദ്ധമാണ്.'(ജുസ്തജൂവെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 598, പ്രസാധകർ ഓറിയന്റൽ പബ്ലിക്കേഷൻസ്, ലാഹോർ പാക്കിസ്താൻ 2007)

മണലാരണ്യത്തിൽ കഴിയുന്നവരിലും ഗ്രാമവാസികളിലും ഇത് കൂടുതൽ പ്രസിദ്ധമാണ്. ഹദ്റത്ത് സാലിം ബിൻ അബ്ദുല്ലാഹ് തന്റെ പിതാവിൽ നിന്ന് നിവേദനം: 'അതായത് ആരെങ്കിലും മരണമടഞ്ഞാൽ നബി(സ)തിരുമേനി പറയുമായിരുന്നു, 'നമുക്കു മുമ്പേ പോയ ദാസന്റെ അടുത്തേക്ക് ഇയാളെ കൊണ്ടുപോകുക. ഉഥ്മാൻ ബിൻ മള്ഊൻ എന്റെ ഉമ്മത്തിലെ നമുക്കു മുമ്പേ പോയ എത്ര നല്ല വ്യക്തിയായിരുന്നു.' (അൽമുഅ്ജമുൽ കബീർ ലിത്ത്വബ്റാനി, വാള്യം 12, പേജ് 228, ഹദീഥ് നമ്പർ 13160, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 2002)

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം: ഹദ്റത്ത് ഉഥ്മാൻ വഫാത്തായപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തിന്റെ മയ്യിത്തിന്റെ അടുത്തു വന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മയ്യിത്തിനു മുന്നിൽ മൂന്നു പ്രാവശ്യം കുനിഞ്ഞു. എന്നിട്ട് തലയുയർത്തിക്കൊണ്ടു ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു: 'അബൂസാഇബേ! അല്ലാഹു താങ്കളോടു വിട്ടുവീഴ്ച ചെയ്യുമാറാകട്ടെ. ലോകത്തുള്ള ഒരു വസ്തുവിന്റെയും കറപുരളാത്ത അവസ്ഥയിലാണ് താങ്കൾ ഈ ലോകത്തുനിന്ന് പോയിട്ടുള്ളത്.'

ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ) തിരുമേനി ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ മയ്യിത്തിൽ മുത്തംവച്ചു. അവിടത്തെ രണ്ടു കണ്ണും കണ്ണീർകൊണ്ട് നിറഞ്ഞിരുന്നു. നബി(സ)തിരുമേനിയുടെ കണ്ണുനീര് ഹദ്റത്ത് ഉഥ്മാന്റെ കവിൾത്തടത്തിലൂടെ ഒഴുകുന്നതായി ഞാൻ കണ്ടു. നബി(സ)തിരുമേനിയുടെ പുത്രൻ ഇബ്റാഹീം വഫാത്തായപ്പോൾ അവിടന്ന് പറഞ്ഞു: *അൽഹിഖ് ബിസ്സലഫിസ്സാലിഹി ഉഥ്മാനബ്‌ന മള്ഊൻ.* അതായത് മുൻകഴിഞ്ഞുപോയ സ്വാലിഹായ ഉഥ്മാൻ ബിൻ മള്ഊനുമായി കൂടിച്ചേരുക.'(ഉസുദുൽ ഗാബ വാള്യം 3, പേജ് 591, ഉഥ്മാൻ ബിൻ മള്ഊൻ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003) (അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 303, ഉഥ്മാൻ ബിൻ മള്ഊൻ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനിൽ നിന്ന് നിവേദനം: 'നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ)ന്റെ ജനാസ നമസ്കരിപ്പിച്ചു. അതിൽ നാലു തക്ബീർ ചൊല്ലുകയുണ്ടായി.'(സുനൻ ഇബ്നു മാജ, കിതാബുൽജനാഇസ്, ഹദീഥ് 1502).

ചിലപ്പോൾ ചലർ പറയാറുണ്ട് മൂന്ന് തക്ബീറിനെക്കാൾ കൂടുതൽ പാടില്ല എന്ന്. നാല് തക്ബീറും അനുവദനീയമാണ്. മുത്ത്വലിബ് വിവരിക്കുന്നു: 'ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ ജനാസ എടുക്കപ്പെട്ടു. പിന്നീട് ഖബറടക്കപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി ഒരാളോട് ഒരു കല്ലു കൊണ്ടുവരുവാൻ കല്പിച്ചു. ഭാരമുള്ള ഒരു കല്ലായിരുന്നതിനാൽ അയാൾക്കതു പൊക്കാൻ സാധിച്ചില്ല. നബി(സ)തിരുമേനി അവിടെ പോയി തന്റെ ഇരുകൈകളിലേയും വസ്ത്രം മുകളിലേക്ക് കയറ്റിവച്ചു. നബി(സ)തിരുമേനിയിൽനിന്ന് ഈ നിവേദനം ചെയ്യുന്ന മുത്ത്വലിബ് പറഞ്ഞു: 'ഞാനിപ്പോഴും നബി(സ)തിരമേനിയുടെ കൈത്തണ്ടയിലെ വെളുപ്പ് കാണുന്നുണ്ട്. ഇപ്പോഴും ആ സംഭവം എനിക്ക് നല്ലവണ്ണം ഓർമയുണ്ട്. നബി(സ)തിരുമേനിയുടെ ഭുജം വളരെ മനോഹരമായിരുന്നു. അതിൽനിന്ന് അവിടന്ന് തുണിമാറ്റുകയും കുപ്പായക്കൈ കയറ്റിവെക്കുകയും ചെയ്തപ്പോൾ അവയുടെ വെളുപ്പ് എനിക്ക് കാണാൻ കഴിഞ്ഞു. അതിനുശേഷം ആ കല്ലെടുത്ത് ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ തലഭാഗത്തു നാട്ടി. എന്നിട്ടു പറഞ്ഞു: 'ഈ അടയാളംകൊണ്ട് ഞാനെന്റെ സഹോദരന്റെ ഖബ്ർ തിരിച്ചറിയുന്നതാണ്. മാത്രമല്ല എന്റെ കുടുംബത്തിൽപ്പെട്ട ആരെങ്കിലും മരിച്ചു കഴിഞ്ഞാൽ അയാളെ ഞാൻ ഇദ്ദേഹത്തിന്റെ അടുത്ത് മറവു ചെയ്യുന്നതാണ്.'(സുനൻ അബീദാവൂദ്, കിതാബുൽ ജനാഇസ്, ഹദീഥ് 3206)

ഇനി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്, ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ മരണവുമായി ബന്ധപ്പെട്ടു നൽകിയ വിശദീകരണത്തിൽ നിന്ന് ചില കാര്യങ്ങൾ പറയാം. അദ്ദേഹം പറയുകയാണ്; ഹിജ്റ രണ്ടാം വർഷത്തിന്റെ അവസാനത്തിൽ നബി(സ)തിരുമേനി തന്റെ സ്വഹാബാക്കൾക്കുവേണ്ടി മദീനയിൽ ഒരു മഖ്ബറ ഉണ്ടാക്കി. 'ജന്നത്തുൽ ബഖീഅ്' എന്നാണതിനെ പറഞ്ഞിരുന്നത്. പിന്നീട് സ്വഹാബാക്കൾ പൊതുവെ അതിലാണ് അടക്കം ചെയ്യപ്പെട്ടിരുന്നത്. ആ മഖ്ബറയിൽ ഏറ്റവും ആദ്യം അടക്കം ചെയ്യപ്പെട്ട സ്വഹാബിയായിരുന്നു ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ). ആദ്യകാല മുസ്‌ലിമീംകളിൽപ്പെട്ടയാളായിരുന്നു ഉഥ്മാൻ. സൽസ്വഭാവിയും ഭക്തനും സൂഫിചിന്താഗതിക്കാരനുമായിരുന്നു അദ്ദേഹം. മുസ്‌ലിമായതിനുശേഷം ഒരിക്കൽ അദ്ദേഹം നബി(സ) തിരുമേനിയോടു പറഞ്ഞു; അങ്ങ് എനിക്ക് അനുവാദം നൽകുകയാണെങ്കിൽ ഞാൻ തികച്ചും ലൗകീകത കൈവെടിഞ്ഞ് ഭാര്യാമക്കളിൽനിന്ന് അകന്ന് ദൈവാരാധനയ്ക്കു മാത്രമായി ജീവിതം വഖ്ഫ് ചെയ്യാൻ ആഗ്രഹിക്കുകയാണ്. എന്നാൽ, നബിതിരുമേനി അതിന് അനുമതി നൽകിയില്ല.' ഇതിന്റെ വിശദീകരണവും കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചു കഴിഞ്ഞതാണ്. മിർസാ ബശീർ അഹ്മദ് സാഹിബുതന്നെ വീണ്ടും എഴുതുന്നു: 'എന്തായിരുന്നാലും ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ മരണം നബി(സ)തിരുമേനിയെ ദുഖത്തിലാഴ്ത്തി. നിവേദനങ്ങളിൽ കാണാം, മരണത്തിനുശേഷം അവിടന്ന് അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ മുത്തം വെക്കുകയുണ്ടായി. അപ്പോൾ അവിടത്തെ കണ്ണുകൾ കണ്ണീര് കൊണ്ട് നിറഞ്ഞിരുന്നു. അദ്ദേഹത്തെ ഖബറടക്കിയ ശേഷം ഖബ്റിന്റെ തലഭാഗത്ത് ഒരടയാളമെന്നോണം ഒരു കല്ല് നാട്ടുകയുണ്ടായി. പിന്നീട് ഇടക്കിടയ്ക്ക് നബി(സ)തിരുമേനി 'ജന്നത്തുൽ ബഖീഇ'ൽ പോയി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യാറുണ്ടായിരുന്നു. മദീനയിൽ അന്തരിച്ച ആദ്യത്തെ മുഹാജിറായിരുന്നു ഉഥ്മാൻ.'(സീറത്ത് ഖാത്തമുന്നബിയ്യീൻ മിർസാ ബശീർ അഹ് മദ്(റ) എം.എ. പേജ് 462–463)

ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ മരണത്തിൽ അദ്ദേഹത്തിന്റെ ഭാര്യ ഒരു വിലാപകാവ്യമെഴുതി. അതിതായിരുന്നു:

യാ അയ്നു ജൂദീ ബി ദംഇൻ ഗയ്രി മംനൂനി
അലാ റസിയ്യത്തി ഉഥ്മാനബ്നി മള്ഊനി
അലംരിയ്യിൻ ബാത്ത ഫീ രിള്‌വാനി ഖാലിഖിഹീ
ത്വൂബാ ലഹൂ മിൻ ഫഖീദിശ്ശഖ്സി മദ്ഫൂനി
ത്വാബൽബഖീഉ ലഹൂ സുക്നാ വ ഗർഖദുഹൂ
വ അശ്റഖത്ത് അർളുഹൂ മിൻബഅ്ദി നഅ്യയ്നി
വ ഔറഥൽഖൽബ ഹുസ്നൻ ലൻഖിത്വാഅ ലഹൂ
ഹത്തൽമമാത്തി ഫമാ തർഖാ ലഹൂ ശൂലീ

(ഉസുദുൽഗാബ, വാള്യം 3, പേജ് 591, ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

'അല്ലയോ കണ്ണേ! നീ ഉഥ്മാന്റെ ദുരന്തത്തിൽ തീരാക്കണ്ണീരൊഴുക്കുക. തന്റെ സ്രഷ്ടാവിന്റെ തൃപ്തിക്കായി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയ ആ മഹാവ്യക്തിയുടെ ദുരന്തത്തെയോർത്തു കണ്ണീരൊഴുക്കുക. അതുല്യനായൊരു വ്യക്തിയിതാ മൺമറഞ്ഞിരിക്കുന്നു. ഈ നിവാസിയുടെ വരവോടെ ബഖീഉം ഗർഖദും പവിത്രമായിത്തീർന്നിരിക്കുന്നു. അതിന്റെ മണ്ണ് അദ്ദേഹത്തെ മറയടക്കിയതിനു ശേഷം പ്രകാശപൂരിതമായിരിക്കുന്നു. മരണം വരെയുള്ള തീരാദുഖമാണ് എന്റെ ഹൃദയത്തിന് അദ്ദേഹത്തിന്റെ വേർപാട് ആഘാതമേല്പിച്ചിരിക്കുന്നത്. എന്റെ ഈ അവസ്ഥക്കിനിയൊരു മാറ്റവും വരാൻ പോകുന്നില്ല.'(ഉസുദുൽഗാബ, വാള്യം 3, പേജ് 495, ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത്). ഇത് അദ്ദേഹത്തിന്റെ ഭാര്യ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചതാണ്.

അൻസ്വാരി സ്ത്രീകളിൽപ്പെട്ടയാളാണ് ഹദ്റത്ത് ഉമ്മു അലാ(റ). അവർ നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്തു കഴിഞ്ഞിരുന്നു. അവർ പറഞ്ഞു: മുഹാജിരീംകളുടെ താമസത്തിന് അൻസ്വാർ നറുക്കിട്ടപ്പോൾ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ താമസത്തിന്റെ നറുക്ക് ഞങ്ങൾക്കാണ് വീണത്. ഞങ്ങൾ ഞങ്ങളുടെ വീട്ടിൽ അദ്ദേഹത്തെ താമസിപ്പിച്ചു. ഹദ്റത്ത് ഉമ്മു അലാ പറയുന്നു: അദ്ദേഹം ഞങ്ങളുടെ വീട്ടിൽ താമസിച്ചു. അദ്ദേഹം രോഗിയായപ്പോൾ ഞങ്ങൾ അദ്ദേഹത്തിന് സേവനം ചെയ്തു. അദ്ദേഹം മരിച്ചപ്പോൾ ഞങ്ങൾ അദ്ദേഹത്തെ അദ്ദേഹത്തിന്റെ വസ്ത്രത്തിൽത്തന്നെ മറയടക്കി. നബി(സ)തിരുമേനി ഞങ്ങളുടെ അടുത്തുവന്നു. ഞാൻ പറഞ്ഞു: അതായത് ഉമ്മു അലാ പറയുന്നു: 'അബൂ സാഇബേ, അല്ലാഹു താങ്കളിൽ കരുണ ചൊരിയുമാറാകട്ടെ.' ഇത് ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ സംജ്ഞാനാമമായിരുന്നു. നബി(സ)തിരുമേനിയുടെ മുമ്പിൽ ഹദ്റത്ത് ഉമ്മു അലാ ഈ വാക്കുകൾ ആവർത്തിച്ചു: 'അബൂ സാഇബേ! അല്ലാഹു താങ്കളിൽ കരുണ ചൊരിയുമാറാകട്ടെ. താങ്കളെ സംബന്ധിച്ച് എന്റെ സാക്ഷ്യം 'താങ്കൾക്ക് അല്ലാഹു തീർച്ചയായും ആദരവു നല്കി' എന്നാണ്.' 'താങ്കൾക്ക് അല്ലാഹു തീർച്ചയായും ആദരവു നല്കി എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്ന വാക്കുകൾ അവർ നബി(സ)തിരുമേനിയുടെ മുമ്പിൽ ആവർത്തിച്ചു. നബി(സ)തിരുമേനി ഇതുകേട്ടപ്പോൾ അവരോടു ചോദിച്ചു: അവർ പറയുന്നു, നബി(സ)തിരുമേനി എന്നോടു ചോദിച്ചു: 'അദ്ദേഹത്തിന് അല്ലാഹു തീർച്ചയായും ആദരവു നല്കിയിരിക്കുന്നുവെന്ന് നിനക്കെങ്ങനെ മനസ്സിലായി?' അവർ പറയുന്നു, ഞാൻ പറഞ്ഞു:'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! എനിക്കറിയില്ല. എനിക്കിത് അറിയില്ല. എന്റെ വികാരം ഞാൻ പ്രകടിപ്പിച്ചുവെന്നേയുള്ളു.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഉഥ്മാനെ സംബന്ധിച്ചിടത്തോളം അദ്ദേഹം മരിച്ചു പോയിരിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ നന്മ കാംക്ഷിക്കുന്നവനാണ്. അല്ലാഹു അദ്ദേഹത്തിന് തീർച്ചയായും ആദരവു നൽകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ, അല്ലാഹുവാണ! അവിടന്ന് ഇങ്ങനേയും പറഞ്ഞു, അല്ലാഹുവാണ! ഉഥ്മാന്റെ കാര്യം എന്താകുമെന്ന് എനിക്കറിയില്ല. ദുആ തീർച്ചയായും ചെയ്യുന്നുണ്ട്. എന്നാൽ, ഞാനല്ലാഹുവിന്റെ ദൂതനായിരുന്നിട്ടുകൂടി 'തീർച്ചയായും അദ്ദേഹത്തിന് അല്ലാഹു ആദരവു നൽകിയിരിക്കുന്നു' എന്നെനിക്കു പറയുവാൻ സാധിക്കുകയില്ല.' ഇതുകേട്ട് ഹദ്റത്ത് ഉമ്മു അലാ പറഞ്ഞു: 'അല്ലാഹുവാണ! ഇനി മേലാൽ ഞാൻ ആരേയും ഇങ്ങനെ പരിശുദ്ധരാക്കി പറയുകയില്ല. തീർച്ചയായും മാപ്പാക്കപ്പെട്ടു എന്നുതുടങ്ങിയ വാക്കുകൾ ഇനി ആവർത്തിക്കുകയില്ല.' എന്നെ ഇക്കാര്യം വ്യസനിപ്പിച്ചു. അവർ പറയാറുണ്ടായിരുന്നു, ഞാൻ ഉറങ്ങി. ആ വ്യസനത്തിൽ ഞാൻ ഉറങ്ങിപ്പോയി. ഒരു പ്രത്യേക ബന്ധമായിരുന്നു. വികാരങ്ങളുമുണ്ടായിരുന്നു. എന്തായാലും അവർ പറയുന്നു: ഞാൻ രാത്രിയിൽ ഉറങ്ങിയപ്പോൾ എനിക്ക് സ്വപ്നത്തിൽ ഹദ്റത്ത് ഉഥ്മാന്റെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു അരുവി കാണിക്കപ്പെട്ടു. അത് ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തിന്റെ ഒരു അരുവിയായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ അരുവി എന്ന് പറഞ്ഞ് അത് കാണിക്കപ്പെട്ടു. ആ സ്വപ്നം കണ്ടതിനു ശേഷം പറയുന്നു: ഞാൻ വീണ്ടും നബി(സ) തിരുമേനിയുടെ അടുത്ത് വന്നു. ഞാനിങ്ങനെ സ്വപ്നം കണ്ടുവെന്ന് പറഞ്ഞു. അവിടന്ന് അതു കേട്ട് പറഞ്ഞു, 'ഇത് അദ്ദേഹത്തിന്റെ കർമമാണ്.'(സ്വഹീഹുൽ ബുഖാരി, കിതാബുശ്ശഹാദാത്ത്, ഹദീഥ് 2687)

നിന്നെ കാണിച്ച ഒഴുകിക്കൊണ്ടിരിക്കുന്ന ഈ അരുവി സ്വർഗത്തിലുള്ളതാണ്. ഇത് അദ്ദേഹത്തിന്റെ കർമമാണ്. ഇദ്ദേഹത്തിന്റെ അരുവി അവിടെ ഒഴുകിക്കൊണ്ടിരിക്കുകയാണ്.' ഇതും നബി(സ)തിരുമേനിയുടെ ശിക്ഷണത്തിന്റെ ഒരു രീതിയായിരുന്നു. അത്ര അസന്ദിഗ്ധമായി അല്ലാഹുവിന്റെ പൊറുക്കലിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞുകൂടാ. എന്നാൽ, ഹദ്റത്ത് ഉമ്മു അലായ്ക്ക് സ്വപ്നത്തിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ കർമങ്ങൾ ഒരു അരുവിയുടെ രൂപത്തിൽ കാണിക്കപ്പെട്ടപ്പോൾ നബി(സ)തിരുമേനി അതിനെ സാക്ഷ്യപ്പെടുത്തുകയുണ്ടായി. ആ ബദ്‌രീ സ്വഹാബാക്കളിൽ അല്ലാഹു തൃപ്തനായിരിക്കുന്നുവെന്ന കാര്യം നബി(സ)തിരുമേനിക്കറിയാമായിരുന്നു. സ്വയം അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തിരുന്നു. മാത്രമല്ല അദ്ദേഹത്തെ സംബന്ധിച്ചുള്ള നബി(സ)തിരുമേനിയുടെ വികാരപ്രകടനവും വ്യക്തമാക്കുന്നത്, അവർക്കുവേണ്ടിയുള്ള ദുആകൾ അല്ലാഹു തീർച്ചയായും സ്വീകരിക്കുമെന്നും അവരെ അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചവരിൽ ഉൾപ്പെടുത്തുമെന്നും ദൃഢമായ വിശ്വാസമുണ്ടായിരുന്നുവെന്നാണ്. പക്ഷേ, എന്നിട്ടും അവിടന്ന് പറഞ്ഞു, 'താങ്കൾക്ക് ആരെ കുറിച്ചും അങ്ങനെ സാക്ഷ്യം പറയാൻ പാടില്ല.'

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ ഈ വിഷയം വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ഖാരിജാ ബിൻ സയ്ദ് തന്റെ മാതാവിൽ നിന്ന് നിവേദനം: ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ മരണപ്പെട്ടപ്പോൾ ഖാരിജാ ബിൻ സയ്ദിന്റെ മാതാവ് പറഞ്ഞു: 'അബൂ സാഇബേ! നീ പരിശുദ്ധനും നിന്റെ നല്ല ദിനങ്ങൾ വളരെ ഉത്തമമായതുമായിരുന്നു.' നബി(സ)തിരുമേനി അതുകേട്ടു ചോദിച്ചു: 'ആരാണീ പറയുന്നത്?' അവർ പറഞ്ഞു: 'ഞാനാണ്.' നബി(സ)തിരുമേനി ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങളങ്ങനെ പറഞ്ഞത്? ഞാൻ പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ! ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ കർമങ്ങളും ആരാധനകളും അത്തരത്തിലുള്ളതായിരുന്നു. അതുകൊണ്ടാണ് അല്ലാഹു അദ്ദേഹത്തിന് തീർച്ചയായും പൊറുത്തുകൊടുത്തിരിക്കുന്നു എന്നെനിക്കു തോന്നിയത്.' നബി(സ)തിരുമേനി പറഞ്ഞു: 'ഉഥ്മാൻ ബിൻ മള്ഊനിൽ നന്മയല്ലാതെ മറ്റൊന്നും നാം കണ്ടിട്ടില്ല.' എന്നാൽ, അതോടൊപ്പം പറഞ്ഞു: 'എന്നാൽ, ഓർക്കുക! അല്ലാഹുവാണ! അല്ലാഹു എന്നോടെങ്ങനെയാണ് പെരുമാറുക എന്നുപോലും എനിക്കറിയില്ല.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ,വാല്യം 8, പേജ് 872, ഹദീഥ് ഉമ്മുൽ അലാ അൽഅൻസ്വാരി, ഹദീഥ് നമ്പർ 28006, ആലമുൽ കുതുബ് ബേറൂത്ത് 1998)

നബി(സ)തിരുമേനിയെക്കാൾ അല്ലാഹുവിന് പ്രിയപ്പെട്ടവനായി ആരുമില്ല. അവിടന്ന് അല്ലാഹുവിന്റെ ഹബീബാണ്. പക്ഷേ, അല്ലാഹുവിന്റെ നിരാശ്രയത്വത്തിന്റേയും അവനോടുള്ള ഭയഭക്തിയുടേയും ദൈവഭയത്തിന്റേയും ലോകം എന്തായിരുന്നുവന്നാൽ തന്നെകുറിച്ചുപോലും പറയുന്നത് തന്നോട് എത്തരത്തിലാണ് പെരുമാറുക എന്ന് തനിക്കറിയില്ല എന്നാണ്. അതുകൊണ്ട് നമ്മൾ എത്രഭയപ്പേടേണ്ടസ്ഥാനമാണിത്. സൽകർമങ്ങൾ ചെയ്യാൻ എത്രത്തോളം ചിന്തയുണ്ടാവേണ്ടതാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. വിനയത്തിൽ പുരോഗമിക്കുക. അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളും ലഭ്യമാകുന്നതിന് അവനോട് യാചിച്ചു കൊണ്ടിരിക്കേണ്ടതാണ്.

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ മറ്റൊരു നിവേദനം രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് ഉമ്മു അലാ(റ) പറയുന്നു: ഞങ്ങളുടെ വീട്ടിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന് സുഖമില്ലാതായി. ഞങ്ങൾ അദ്ദേഹത്തെ പരിചരിച്ചുവെങ്കിലും അദ്ദേഹം വഫാത്തായി. ഞങ്ങൾ അദ്ദേഹത്തിന്റെ വസ്ത്രത്തിൽത്തന്നെ കഫൻ പൊതിഞ്ഞു. നബി(സ)തിരുമേനി ഞങ്ങളുടെ വീട്ടിൽ വന്നു. ഞാൻ പറഞ്ഞു:'അബൂ സാഇബേ! അല്ലാഹുവിന്റെ കരുണ താങ്കളുടെമേൽ ഉണ്ടാകട്ടെ. അല്ലാഹു താങ്കളെ ആദരിച്ചിരിക്കുന്നുവെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' അപ്പോൾ നബി(സ) തിരുമേനി ചോദിച്ചു: 'അല്ലാഹു അദ്ദേഹത്തെ ആദരിച്ചുവെന്ന് നിനക്കെങ്ങനെ മനസ്സിലായി.' അവർ പറയുന്നു:'എനിക്കറിയില്ല. എന്റെമാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മരണം അദ്ദേഹത്തിന്റെ റബ്ബിൽനിന്ന് വന്നു. ഞാൻ അദ്ദേഹത്തിന് നന്മ പ്രതീക്ഷിക്കുന്നു. അല്ലാഹു അദ്ദേഹത്തോടു നല്ല രീതിയിൽ പെരുമാറുമെന്ന് പ്രതീക്ഷിക്കുന്നു. പക്ഷേ, അല്ലാഹുവാണ! ഞാൻ അല്ലാഹുവിന്റെ റസൂലാണെങ്കിലും എന്നോടു അല്ലാഹു എങ്ങനെയാണ് പെരുമാറുക എന്ന് എനിക്കറിയില്ല.' അവർ പറയുന്നു, 'ഇതുകേട്ട് ഞാൻ പറഞ്ഞു, ഇനി മേലിൽ ആരേയും കുറിച്ച് അവർ പരിശുദ്ധരാണെന്ന് ഞാൻ പറയുകയില്ല.' പക്ഷേ, അതിനുശേഷം ഇക്കാര്യം എന്നെ വേദനിപ്പിച്ചു. പിന്നീട് അവർ ആ സ്വപ്നത്തെ കുറിച്ച് പറയുന്നു. അതുകഴിഞ്ഞ് നബി(സ)തിരുമേനിയെ സ്വപ്നം കേൾപിച്ചു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 8, പേജ് 871–972, ഹദീഥ് 28004, ആലമുൽകുതുബ് ബേറൂത്ത് 1998)

ആദ്യത്തെ രണ്ടു വിവിധ ഗ്രന്ഥത്തിൽ, ഹദീഥുകളിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുകതന്നെചെയ്തു. നബി(സ)തിരുമേനിയുടെ ദുആയും ഉണ്ടായിരുന്നു. അല്ലാഹു എപ്പോഴും അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നമ്മളും നമ്മുടെ ഉള്ളിൽ സൽമാതൃക സ്ഥാപിക്കുന്നവരായിത്തീരട്ടെ.

ഹദ്റത്ത് വഹബ് ബിൻ സഅ്ദ് ബിൻ അബീ സർഹ്: അടുത്തതായി പറയാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് വഹബ് ബിൻ സഅ്ദ് ബിൻ അബീ സർഹ് എന്നാണ്. ഹദ്റത്ത് വഹബിന്റെ പിതാവിന്റെ പേര് സഅ്ദ് എന്നായിരുന്നു. ബനൂ ആമിർ ബിൻ ലുവയ് എന്ന ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹം അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹിന്റെ സഹോദരനായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് മുഹാന ബിൻത് ജാബിർ എന്നായിരുന്നു. അവർ അശ്അരി ഗോത്രത്തിൽനിന്നുള്ളവരായിരുന്നു.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 217, വഹബ് ബിൻ സഅ്ദ്, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത്, 1996)

നബിതിരുമേനിയുടെ വഹ്‌യ് എഴുത്തുകാരനും പിന്നീട് മുർത്തദ്ദുമായ അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹ്, ഹദ്റത്ത് വഹബിന്റെ സഹോദരനായിരുന്നു. അദ്ദേഹത്തിന്റെ സഹോദരനെക്കുറിച്ച് ഈ സംഭവത്തിന്റെ വിശദീകരണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ വിവരിക്കുന്നു: നബി(സ)തിരുമേനിക്ക് ഒരു വഹ്‌യ് എഴുത്തുകാരനുണ്ടായിരുന്നു. അയാളുടെ പേര് അബ്ദുല്ലാഹ് ബിൻ അബീ സർഹ് എന്നായിരുന്നു. ഇയാൾ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന്റെ മുലകുടി ബന്ധത്തിലുള്ള സഹോദരനായിരുന്നുവെന്ന് സീറത്തു ഹൽബിയായിൽ എഴുതിയിരിക്കുന്നു. എന്തായാലും പിന്നീട് എഴുതുന്നു: നബി(സ)തിരുമേനിക്ക് വഹ്‌യ് ഇറങ്ങുമ്പോഴെല്ലാം അയാളെ വിളിപ്പിച്ച് എഴുതിക്കുമായിരുന്നു. ഒരു ദിവസം അവിടന്ന് സൂറ അൽമുഅ്മിനീനിലെ 14,15 ആയത്തുകൾ എഴുതിപ്പിക്കുകയായിരുന്നു. അങ്ങനെ അവിടന്ന് ഥുമ്മ അൻശഅ്നാഹു ഖൽഖൻ ആഖറ എന്ന സ്ഥലത്തെത്തിയപ്പോൾ വഹ്‌യ് എഴുത്തുകാരന്റെ വായിൽ നിന്ന് അനിയന്ത്രിതമായി ഫതബാറക്കല്ലാഹു അഹ്സനുൽഖാലിഖീൻ എന്ന വാക്യം പുറത്തുവന്നു. നബി(സ)തിരുമേനി പറഞ്ഞു, അതുതന്നെയാണ് വഹ്‌യിലുമുള്ളത് അതുകൊണ്ട് അത് തന്നെയെഴുതുക. ആ ദുഷ്ടന് മുമ്പേയുള്ള ആയത്തുകളുടെ സ്വാധീനഫലമായി ഈ ആയത്ത് സ്വാഭാവികമായി തന്റെ നാവിൽനിന്ന് പുറപ്പെട്ടതാണെന്നുള്ള വിചാരമുണ്ടായില്ല. തന്റെ വായിൽനിന്ന് വന്ന ഒരു വാചകം നബി(സ)തിരുമേനി, വഹ്‌യാണെന്നു പറഞ്ഞിരിക്കുന്നതുപോലെതന്നെയായിരിക്കും നഊദുബില്ലാഹ് മുഴുവൻ ഖുർആനും എഴുതിച്ചുക്കൊണ്ടിരിക്കുന്നതെന്ന് അയാൾ കരുതി. അങ്ങനെ അയാൾ മതപരിത്യാഗിയാകുകയും മക്കയിൽ നിന്ന് പോകുകയും ചെയ്തു. മക്ക വിജയത്തിന്റെ അവസരത്തിൽ ആരെയൊക്കെയാണോ നബി(സ)തിരുമേനി വധശിക്ഷയ്ക്കു വിധിച്ചത് അവരിൽ ഒരാൾ അബ്ദുല്ലാഹ് ബിൻ അബീ സർഹുമായിരുന്നു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ(റ)അയാൾക്ക് അഭയം നല്കി. ആ അഭയത്തിന്റെ വിശദീകരണം ഇങ്ങനെയാണ്: മക്ക വിജയത്തിന്റെ അവസരത്തിൽ അബ്ദുല്ലാഹ് ബിൻ അബീ സർഹിന് നബി(സ)തിരുമേനി തന്നെ വധിക്കാൻ കല്പന നല്കിയിരിക്കുന്നുവെന്ന് മനസ്സിലായപ്പോൾ അയാൾ മുലകുടി ബന്ധസഹോദരനായ ഉഥ്മാന്റെ അടുത്ത് അദ്ദേഹത്തിന്റെ അഭയം ചോദിക്കാൻ പോയി. അദ്ദേഹത്തോടു പറഞ്ഞു: 'എന്റെ സഹോദരാ! നബി(സ)തിരുമേനി എന്റെ കഴുത്തെടുക്കുന്നതിനുമുമ്പേ അദ്ദേഹത്തിൽനിന്ന് എനിക്ക് അഭയം മേടിച്ചു തന്നാലും.' സീറത്തു ഹൽബിയായിൽ എഴുതിയിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'അയാൾ അദ്ദേഹത്തിന്റെ വീട്ടിൽ മൂന്നു നാലു ദിവസം ഒളിച്ചു കഴിഞ്ഞു. ഒരു ദിവസം നബി(സ)തിരുമേനി മക്കക്കാരിൽനിന്ന് ബയ്അത്ത് വാങ്ങുകയായിരുന്നപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) അയാളേയും അവിടത്തെ തിരുസന്നിധിയിൽ കൊണ്ടുപോയി. അയാളുടെ ബയ്അത്ത് വാങ്ങാൻ അപേക്ഷിച്ചു. നബി(സ)തിരുമേനി ആദ്യം കുറച്ചുനേരം മടിച്ചു. പിന്നീട് അയാളുടെ ബയ്അത്ത് വാങ്ങി. ഇപ്രകാരം വീണ്ടും അയാൾ ഇസ്‌ലാം സ്വീകരിച്ചു. (തഫ്സീർ കബീർ വാല്യം 6, പേജ് 139)(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 130, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

അയാളുടെ ഒരുപാട് മറ്റു കാര്യങ്ങൾ കാരണത്താലും കുഴപ്പവും കലഹവും ഉണ്ടാക്കിയതിനാലും പ്രകോപനങ്ങൾ സൃഷ്ടിച്ചതിനാലുമായിരുന്നു ഈ കല്പന നല്കപ്പെട്ടത്. മതം മാറിയ ഒറ്റക്കാരണത്താലായിരുന്നില്ല.

ആസിം ബിൻ ഉമർ വിവരിക്കുന്നു, ഹദ്റത്ത് വഹബ് മക്കയിൽനിന്ന് മദീനയിൽ ഹിജ്റത്ത് പോയപ്പോൾ അദ്ദേഹം ഹദ്റത്ത് കുൽഥൂം ബിൻ ഹിദമിന്റെ വീട്ടിലാണ് താമസിച്ചത്. നബി(സ) തിരുമേനി ഹദ്റത്ത് വഹബിനേയും ഹദ്റത്ത് സുവയ്ദു ബിൻ അംറിനേയും സഹോദരന്മാരാക്കി. അവർ രണ്ടുപേരും മുഅ്ത്ത യുദ്ധ ദിവസം ശഹീദായി. ഹദ്റത്ത് വഹബ് ബദ്ർ, ഉഹുദ്, ഖൻദഖ്, ഹുദയ്ബിയ്യ, ഖയ്ബർ എന്നിവയിൽ പങ്കെടുക്കുകയുണ്ടായി. അദ്ദേഹം ഹിജ്റ 8 ജമാദുൽ അവ്വലിൽ മുഅ്ത്ത യുദ്ധത്തിൽ ശഹാദായി. ശഹാദത്ത് വരിക്കുന്ന ദിവസം അദ്ദേഹത്തിന് 40 വയസ്സായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ. വാല്യം 3, പേജ് 217, വഹബ് ബിൻ സഅ്ദ്, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് 1996)

മുഅത്ത യുദ്ധം എന്തായിരുന്നു? അല്ലെങ്കിൽ അതിന്റെ കാരണമെന്തായിരുന്നു? ഇതിനെക്കുറിച്ച് ത്വബക്കാത്തുൽ കുബറായിൽ കുറച്ച് വിശദീകരിക്കുന്നുണ്ട്. ഹിജ്റ വർഷം 8 ന് ആണ് മുഅത്താ യുദ്ധം നടന്നത്. നബി(സ)തിരുമേനി ഹദ്റത്ത് ഹാരിഥ് ബിൻ ഉമയ്റിനെ സന്ദേശ വാഹകനാക്കി ബുസ്റാ രാജാവിന്റെയടുക്കൽ എഴുത്തുമായി അയച്ചു. അദ്ദേഹം മുഅത്താ എന്ന സ്ഥലത്തെത്തിയപ്പോൾ അദ്ദേഹത്തെ ശുറഹ് ബീൽ ബിൻ അംറ് ഗസ്സാനി തടയുകയും ശഹീദാക്കുകയും ചെയ്തു. ഹാരിഥ് ബിൻ ഉമയ്ർ അല്ലാതെ നബി(സ)തിരുമേനിയുടെ സന്ദേശവാഹകരിൽ മറ്റാരും ശഹീദാക്കപ്പെട്ടില്ല. ഈ ദുരന്തം അറിഞ്ഞപ്പോൾ നബി(സ)തിരുമേനിക്ക് സഹിക്കാനായില്ല. അവിടന്ന് യുദ്ധത്തിന് ജനങ്ങളെ ഒരുമിച്ചു കൂട്ടി. അവരുടെ എണ്ണം മൂവായിരമായിരുന്നു. അവരുടെയെല്ലാം നേതാവ് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയായിരിക്കുമെന്ന് നബി(സ)തിരുമേനി പ്രഖ്യാപിക്കുകയും ഒരു വെള്ളക്കൊടി തയ്യാറാക്കി ഹദ്റത്ത് സയ്ദിനു നൽകുകയും ചെയ്തു. ഹദ്റത്ത് ഹാരിഥ് ബിൻ ഉമയ്ർ എവിടെയാണോ ശഹീദായത് അവിടെ പോയി ഇസ്‌ലാമിലേക്കു ക്ഷണിക്കുകയെന്ന് ഉപദേശിക്കുകയും ചെയ്തു. അവർ ഇസ്‌ലാം സ്വീകരിച്ചാൽ നല്ലത് അല്ലാത്ത പക്ഷം അല്ലാഹുവിന്റെ സഹായം തേടി അവർക്കെതിരിൽ യുദ്ധം ചെയ്യുക. ഹദ്റത്ത് വഹബും ആ യുദ്ധത്തിൽ പങ്കെടുത്തിരുന്നു.'(അത്ത്വബക്കാത്തുൽ കുബ്റാ. വാള്യം 2, പേജ് 314, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് 1996)(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 96, ദാറുൽകുതുബുൽ ഇൽമിയ്യ,ബേറൂത്ത് 2002).

ഹദ്റത്ത് വഹബും ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അതിനെ കുറിച്ചുളള കൂടതൽ വിശദീകരണം വിവരിക്കാം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ നിവേദനം: മുഅത്ത യുദ്ധത്തിൽ നബി(സ)തിരുമേനി സയ്ദ് ബിൻ ഹാരിഥി(റ)നെ സേനാനായകനായി നിയമിച്ചു. നബി(സ) തിരുമേനി പറഞ്ഞു: സയ്ദ് വധിക്കപ്പെട്ടാൽ ജഅ്ഫർ നേതൃത്വം ഏറ്റെടുക്കണം. ജഅ്ഫർ വധിക്കപ്പെട്ടാൽ അബ്ദുല്ലാഹ് ബിൻ റവാഹ നിങ്ങളുടെ അമീറായിരിക്കും. ഈ സൈന്യത്തെ 'ജയിശെ ഉമറാഅ്' എന്നും പറയുന്നു.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി ഹദീഥ് 4261)(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 7, പേജ് 505, ഹദീഥ് 22918, ആലമുൽകുതുബ് ബേറൂത്ത് 1998)

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇത്രമാത്രമെ എഴുതിയിട്ടുള്ളു. ഒരു നിവേദനത്തിൽ ഇങ്ങനേയുമുണ്ട്, അവിടെ അടുത്ത് ഒരു യഹൂദിയും ഇരിപ്പുണ്ടായിരുന്നു. അയാൾ നബി(സ)തിരുമേനി പറഞ്ഞതു കേട്ടപ്പോൾ ഹദ്റത്ത് സയ്ദിന്റെ അടുത്തു വന്നു പറഞ്ഞു: മുഹമ്മദ്(സ) സത്യവാനാണെങ്കിൽ നിങ്ങൾ മൂവരിൽ ആരും തന്നെ രക്ഷപ്പെട്ടു തിരിച്ചുവരികയില്ല. ഹദ്റത്ത് സയ്ദ് പറഞ്ഞു: 'ഞാൻ ജീവനോടെ വരികയോ വരാതിരിക്കുകയോ ചെയ്യട്ടെ, പക്ഷേ, മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ സത്യവാനായ റസൂലും നബിയും തന്നെയാണ്.' (ഫരീളയെ തബ് ലീഗ് ഔർ അഹ് മദി ഖാത്തീൻ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 405-406)

ഈ യുദ്ധത്തിന്റെ അവസ്ഥകളേയും ശുഹദാക്കളേയും സംബന്ധിച്ച് അല്ലാഹു നബി(സ) തിരുമേനിയെ അറിയിച്ചു. ഇതു സംബന്ധമായി ഒരു നിവേദനമുണ്ട്. ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: (മുഅത്ത യുദ്ധത്തിൽ സൈന്യാധിപനെന്ന നിലയ്ക്ക്)സയ്ദ് ബിൻ ഹാരിഥ് ആദ്യം കൊടിപിടിച്ചു നിന്നു. അദ്ദേഹം മരണമടഞ്ഞപ്പോൾ ജഅ്ഫർ കൊടിപിടിച്ചു. അദ്ദേഹം മരണമടഞ്ഞപ്പോൾ അബ്ദുല്ലാഹ് ബിൻ റവാഹ കൊടിപിടിച്ചു. അദ്ദേഹം മരണമടഞ്ഞു. ഇത് പറയുമ്പോൾ നബി(സ)തിരുമേനിയുടെ കണ്ണുകളിൽ കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. പിന്നീട് കൊടിപിടിച്ചത് ഖാലിദാണ്. സൈന്യ നേതൃത്വം വഹിക്കാൻ അദ്ദേഹത്തെ അധികാരപ്പെടുത്തിയിരുന്നില്ല. അദ്ദേഹത്തിന് സ്വയം ഏറ്റെടുക്കേണ്ടിവരികയാണ് ഉണ്ടായത്. അദ്ദേഹത്തിന്റെ കൈക്ക് യുദ്ധത്തിൽ വിജയം കൈവന്നു.'(ബുഖാരി, കിതാബുൽ ജനാഇസ്, ഹദീഥ് 1246)

അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മക്കളെക്കുറിച്ച് പറയുന്നതാണ്. അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്.

ആദ്യത്തെ ജനാസ മലിക് മുഹമ്മദ് അക്റം സാഹിബിന്റേതാണ്. അദ്ദേഹം മുറബ്ബിയായിരുന്നു. ഇന്നലെ ഏപ്രിൽ 25ന് മാഞ്ചസ്റ്ററിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ ജനാസ ഇവിടെയുണ്ട്. നമസ്കാരത്തിനുശേഷം ഞാൻ ഇൻശാഅല്ലാഹ് വെളിയിൽ പോയി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്. 1947 ഫെബ്രുവരി 2ന് ഗുജ്റാത്ത് ജില്ലയിലെ മുൽക്കുവാലിൽ ജനിച്ചു. 1961-ൽ അദ്ദേഹം സ്വയം ബയ്അത്ത് ചെയ്തു ജമാഅത്തിൽ ചേർന്നു. അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ മാസ്റ്റർ അഅ്‌ലം സാഹിബ് ആദ്യമേ അഹ്മദിയായിരുന്നു. അദ്ദേഹവും സ്വയം ബയ്അത്ത് ചെയ്തതാണ്. അദ്ദേഹം മുഖേനയാണ് ഇദ്ദേഹവും ബയ്അത്ത് ചെയ്തത്. ഇദ്ദേഹം ഒരു ലേഖനമെഴുതിയിരുന്നു. എനിക്ക് ഓർമയുണ്ട്. അതിൽ ഇത് എഴുതിയിരുന്നു. ഞാൻ റബ്‌വയിൽ പഠിക്കുന്നതിന് വന്നു. റബ്‌വയിലെ ചുറ്റുപാടുകൾ എന്നെ സ്വാധീനിച്ചു. അതിനുശേഷം ബയ്അത്ത് ചെയ്തു. എന്തായാലും 1961-ൽ ഇദ്ദേഹം സ്വയം ബയ്അത്ത് ചെയ്തതിനുശേഷം ജമാഅത്തിന് വഖ്ഫ് ചെയ്തു. ബി.എ ചെയ്തതിനുശേഷം ശാഹിദ് ഡിഗ്രിയും അറബിഫാളിൽ ഡിഗ്രിയും കരസ്ഥമാക്കി. 1971-ൽ മുറബ്ബി എന്ന നിലയിൽ ഇദ്ദേഹം നിയമിതനായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഇദ്ദേഹത്തിന്റെ നിക്കാഹ് 1970ൽ മൗലവി അബുൽബിശാറത്ത് അബ്ദുൽഗഫൂർ സാഹിബിന്റെ മകൾ അമത്തുൽ കരീം സാഹിബയുമായി നടത്തി. ഇദ്ദേഹം പാക്കിസ്താനിൽ വിവിധ പ്രദേശങ്ങളിലും വിദേശ രാജ്യങ്ങളിലും സേവനം ചെയ്തുകൊണ്ടിരുന്നു. യു.കെയിൽ ഓക്സ്ഫോർഡ്, മാഞ്ചസ്റ്റർ, ഗ്ലാസ്ഗോ, കാർഡിഫ് എന്നീ ജമാഅത്തുകളിൽ മൂന്നു വർഷംവരെ സേവനം ചെയ്തു. അദ്ദേഹത്തിന്റെ മൊത്തം സേവനകാലം 48 വർഷമാണ്. യുകെയിൽ ഒരുപാട് വർഷം ഇദ്ദേഹം നാഇബ് അഫ്സർ ജൽസാഗാഹുമായിരുന്നു. 71 മുതൽ 73 വരെ പാക്കിസ്താനിൽ വിവിധ സ്ഥലങ്ങളിൽ താമസിച്ചു. 73-77-ൽ ഗാംമ്പിയായിലായിരുന്നു. വീണ്ടും 77 മുതൽ 79 വരെ പാക്കിസ്താനിലെ കറാച്ചിയിൽ താമസിച്ചു. 79-80ൽ റബ്‌വ കേന്ദ്രത്തിൽ വക്കാലത്തെ തബ്ശീർ ആയിരുന്നു. 80 മുതൽ 83 വരെ നൈജീരിയായിൽ ഇല്ലാറൊ മിഷണറി കോളേജിൽ പ്രിൻസിപ്പാളായിരുന്നു. വീണ്ടും റബ്‌വയിൽ തിരിച്ചെത്തി. 89 മുതൽ ഇദ്ദേഹം റബ്‌വയിൽ താമസിച്ചു. പിന്നീട് ഇദ്ദേഹം 89 മുതൽ 2018 വരെ യു.കെയിൽ സേവനം ചെയ്തുകൊണ്ടിരുന്നു. ആദ്യം ഇദ്ദേഹം പ്രായത്തിന്റെ അടിസ്ഥാനത്തിൽ 2007 ഫെബ്രുവരിയിൽ റിട്ടയേർഡായി. അതിനുശേഷം റീ എംപ്ലോയി ആയി പ്രവൃത്തിച്ചു. 2018 വരെ ഇദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. വഖ്ഫെ സിന്ദഗി വഖ്ഫായി തന്നെയിരിക്കുന്നു. പക്ഷേ, എന്തായാലും കഴിഞ്ഞ ദിനങ്ങളിൽ രോഗം കാരണത്താൽ ആക്ടീവായി സേവനം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇങ്ങനെ അദ്ദേഹം റിട്ടയേർഡായി. പക്ഷേ, നമുക്ക് പറയാൻ കഴിയുന്നത് ഇദ്ദേഹം ഇപ്രകാരം കുറച്ചുമാസം മാത്രമേ ഔദ്യോഗികമായി സേവനം കൂടാതെ കഴിഞ്ഞുള്ളൂ എന്നാണ്; ഒരുവിധത്തിൽ പറഞ്ഞാൽ ഇദ്ദേഹം സേവനം ചെയ്തുകൊണ്ടാണ് ജീവൻ വെടിഞ്ഞത്.

യു.കെ അമീർ സാഹിബ് എഴുതുന്നു: വലിയ കഠിനാധ്വാനിയും അനുസരണശാലിയുമായിരുന്നു. ശുദ്ധ സ്വഭാവമായിരുന്നു. ജമാഅത്തിന്റെ എന്തു സേവനം ഏല്പിച്ചാലും വലിയ അധ്വാനത്തോടും വിശ്വസ്തതയോടും കൂടി ചെയ്യുമായിരുന്നു. അത് എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്ന ശീലവുമുണ്ടായിരുന്നു. മാഞ്ചസ്റ്ററിൽ നിയമനമായിരുന്നപ്പോൾ ദാറുൽ അമാൻ മസ്ജിദ് നിർമിച്ചു. മലിക് സാഹിബ് ആ മസ്ജിദിനു വേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന് കർമനിരതമായ പങ്കുവഹിച്ചു.

അത്വാഉൽ മുജീബ് റാശിദ് സാഹിബ് പറയുന്നു: 'അക്റം സാഹിബ് സൽസ്വഭാവിയും ധാരാളം സവിശേഷഗുണങ്ങളുടെ ഉടമയുമായിരുന്നു. സാത്വികനും വിശ്വസ്തനും അങ്ങേയറ്റം ആത്മാർഥനും അനുരക്തനായ അഹ്മദിയുമായിരുന്നു. ആവേശവാനായ മുബല്ലിഗ്, ഉത്തരവാദിത്വത്തോടെ ജോലി ചെയ്യുന്ന ആൾ, ഖിലാഫത്തിനോടുള്ള അനുസരണത്തിൽ ഉന്നതസ്ഥാനം ഉൾക്കൊള്ളുന്ന ജമാഅത്തിന്റെ സേവകനായിരുന്നു.' മജീദ് സിയാൽക്കോട്ടി സാഹിബെഴുതുന്നു: 'അദ്ദേഹം നിരവധി സവിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. ഏറ്റവും പ്രകടമായിരുന്നത് ഖിലാഫത്തിനോട് അകമഴിഞ്ഞ് കൂറുപുലർത്തുന്ന ഖാദിമായിരുന്നു എന്നതാണ്. തബ്‌ലീഗ് ചെയ്യാൻ വളരെ താൽപര്യമായിരുന്നു.' സിയാൽക്കോട്ടി സാഹിബ് പറയുന്നു: 'ഞങ്ങളുടെ വിദ്യാഭ്യാസ കാലഘട്ടത്തിലും അവധിക്കാലത്ത് ഞങ്ങളുടെ ഗ്രാമത്തിൽ ഒരിക്കൽ വന്നു. അവിടെ അദ്ദേഹം തബ്‌ലീഗ് ചെയ്യാൻ പറഞ്ഞു. പിന്നീട് തബ്‌ലീഗിൽ വ്യാപൃതനായി. ഖുദ്ദാമിന്റേയും അൻസ്വാറിന്റേയും കീഴിൽ സേവനം ചെയ്യുന്നതിന് തന്റെ അവധി ദിനങ്ങളിൽ വഖ്ഫ് ചെയ്ത് വരുമായിരുന്നു. വലിയ അനുസരണത്തോടെ അദ്ദേഹം ജീവിച്ചു.' ലണ്ടനിൽ പ്രൈവറ്റ് സെക്രട്ടറിയായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന അസ്‌ലം ഖാലിദ് സാഹിബ് പറയുന്നു: 'എന്റെ ഈ സ്നേഹിതൻ പിന്നീട് ബന്ധുവുമായി. ഇദ്ദേഹത്തിന്റെ വിവാഹം കാരണത്താൽ ഭാര്യാവീട്ടുകാരുമായാണ് ബന്ധുവായത്.' ഇദ്ദേഹം എഴുതുന്നു: 'എവിടെയൊക്കെ ഇദ്ദേഹത്തിന്റെ നിയമനമുണ്ടായിട്ടുണ്ടോ അവിടെയൊക്കെ ജമാഅത്തംഗങ്ങളുടെ ഹൃദയം ജയിച്ചടക്കി പ്രവൃത്തിച്ചു. രോഗിയായിരിക്കുമ്പോഴും എവിടെയൊക്കെ അദ്ദേഹം സേവനം ചെയ്തുവോ, പ്രത്യേകിച്ചും മാഞ്ചസ്റ്ററിലെ സഹോദരങ്ങൾ വലിയ സ്നേഹത്തോടെ ഇദ്ദേഹത്തെ സ്മരിക്കുമായിരുന്നു. ജമാഅത്തിലെ കുട്ടികളോടും യുവാക്കളോടും വളരെ വാത്സല്യപരമായ ബന്ധമായിരുന്നു. അതിനൊരു ഉദാഹരണം നല്കിക്കൊണ്ട് അസ്‌ലം ഖാലിദ് സാഹിബ് പറയുന്നു: 'എന്നോടു പറഞ്ഞു, ഇപ്പോൾ യുവാവായികഴിഞ്ഞിട്ടുള്ളവരും വിവാഹം കഴിഞ്ഞിട്ടുള്ളവരുമായ ആ കുട്ടികളിൽ ഒരു കുട്ടി തന്റെ വിവാഹത്തിനു

ശേ ഷം ആദ്യകുട്ടി ജനിച്ചപ്പോൾ രാത്രിയിൽ രണ്ടര മൂന്നുമണിക്ക് എനിക്ക് ഫോൺ ചെയ്തു പറഞ്ഞു: മുറബ്ബി സാഹിബേ! എനിക്ക് മകനുണ്ടായിരിക്കുന്നു.' അക്റം സാഹിബ് പറയുന്നു: 'രാത്രിയിൽ ഫോൺ ചെയ്ത് വിവരം പറയേണ്ട കാര്യമെന്തെന്ന്? ആദ്യം ഞാൻ വിചാരിച്ചു; രാവിലെയും പറയാമായിരുന്നല്ലോ. പക്ഷേ, ആ കുട്ടിയുടെ തന്റെ മിഷണറിയോടും മുബല്ലിഗിനോടും തർബിയ്യത്ത് ചെയ്തയാളോടും ഉണ്ടായിരുന്ന സ്നേഹമായിരുന്നു അത്. അദ്ദേഹം പറയുന്നു. അടുത്ത വാക്യത്തിൽ അവൻ എന്റെ വായടപ്പിച്ചുകളഞ്ഞു. ആ കുട്ടി പറഞ്ഞു: 'മുറബ്ബി സാഹിബേ! അല്ലാഹു എനിക്ക് കുട്ടിയെ നല്കിയാൽ ഏറ്റവും ആദ്യം താങ്കളോടു അത് പറയുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തിരുന്നു. ഇപ്പോൾ അങ്ങയോടു പറഞ്ഞിരിക്കുന്നു. ഇനി ഞാനെന്റെ പിതാവിനെ അറിയിക്കുന്നതാണ്.' ജനങ്ങൾ അദ്ദേഹത്തിനോടും അദ്ദേഹത്തിന് ജനങ്ങളോടുമുള്ള സ്നേഹമായിരുന്നു ഇത്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നല്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ജനാസ ഹാജറാണ്. ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ നമസ്കാരത്തിനുശേഷം വെളിയിൽ പോയി ഇദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

രണ്ടാമത്തെ ജനാസ ഗാഇബാണ്. അത് മുബല്ലിഗ് ചൗദ്ദരി അബ്ദുശ്ശക്കൂർ സാഹിബിന്റേതാണ്. ഇദ്ദേഹം ചൗദ്ദരി അബ്ദുൽ അസീസ് സാഹിബ് സിയാൽക്കോട്ടിയുടെ മകനായിരുന്നു. ഏപ്രിൽ 12ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം 1935 നവംബർ 10ന് ജനിച്ചു. ജന്മനാ അഹ്മദിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാമഹൻ 1905ൽ ബയ്അത്ത് ചെയ്തിരുന്നു. അബ്ദുശ്ശക്കൂർ സാഹിബ് എഫ്.എ. ചെയ്തു. പിന്നീട് ശാഹിദ് ഡിഗ്രിയെടുത്തു. മൗലവി ഫാളിൽ ചെയ്തു. 1956–ൽ ജീവിതം വഖ്ഫ് ചെയ്തു. അതിനുമുമ്പേ റയിൽവെ ഡിവിഷനിൽ ടൈപിസ്റ്റ് ക്ലാർക്ക് എന്ന നിലയിൽ ജോലി ചെയ്യുകയായിരുന്നു. 1962–ൽ മൗലവി ഫാളിൽ പരീക്ഷ പാസായി. 1963–ൽ ജാമിഅ അഹ്മദിയ്യായിൽനിന്ന് ശാഹിദ് പരീക്ഷ പാസായി. 1963 ജൂലായ് മുതൽ അദ്ദേഹത്തിന്റെ നിയമനം വക്കാലത്തെ മാൽ ഥാനിയിൽ ഉണ്ടായി. പിന്നീട് റബ്വയിലെ വിവിധ ഓഫീസുകളിൽ സേവനം ചെയ്തുവന്നു. 64–ൽ ഇസ്ലാമിക പ്രബോധനം എന്ന ഉദ്ദേശ്യത്തോടെ സിയറലിയോൺ അയക്കപ്പെട്ടു. നവംബർ 68 വരെ അവിടെ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഡിസംബർ 70 മുതൽ 73 വരെ ഘാനയിൽ താമസിച്ചു. 75 മുതൽ 1978 വരെ ഗാംബിയായിലായിരുന്നു. 1980 മുതൽ ഏപ്രിൽ 1986 വരെ ലൈബീരിയായിൽ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ഈ രാജ്യങ്ങളിൽ ഇദ്ദേഹം അമീറും മിഷണറി ഇൻ ചാർജുമായിരുന്നു. 1990–ൽ നാഇബ് വക്കീലുത്തബ്ശിറായി ഇദ്ദേഹം നിയമിതനായി. നാഇബ് വക്കീലുൽമാൽ ഥാലിഥ്, സെക്രട്ടറി കമ്മിറ്റി ആബാദി, നാഇബ് വക്കീലുൽമാൽ ഥാനി എന്നീ നിലകളിലും സേവനം ചെയ്തുകൊണ്ടിരുന്നു. 1995–ൽ റിട്ടയേർഡായതിനുശേഷം 2004 വരെ റീ എംപ്ലോയി എന്ന നിലയിൽ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. കണ്ണുകളിൽ ബുദ്ധിമുട്ട് കാരണത്താൽ, കറുത്തതിമിര രോഗം കാരണത്താൽ 2004ൽ റിട്ടയേർഡായി.

ഇദ്ദേഹത്തിന്റെ മകൻ അമേരിക്കയിലുള്ള ഡോക്ടർ അബ്ദുസ്സ്വബൂർ സാഹിബ് പറയുന്നു: 'എന്റെ പിതാവ് അങ്ങേയറ്റം ലളിത പ്രകൃതനും കഠിനാധ്വാനിയുമായിരുന്നു. ഞങ്ങൾക്ക് ലൈബീരിയായിൽ അമീറും മിഷണറി ഇൻചാർജും എന്ന നിലയിൽ ഇദ്ദേഹത്തെ തബ്ലീഗി തർബിയ്യത്തീ ജോലികളിൽ മുഴുകി പ്രവർത്തിക്കുന്നത് കാണാൻ അവസരം കിട്ടി. എപ്പോഴും വളരെ അധ്വാനത്തോടെ ഖുത്ബകൾ തയ്യാറാക്കുമായിരുന്നു. വിശുദ്ധഖുർആൻ, ഹദീഥ്, ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ, ബൈബിൾ തുടങ്ങിയവയിൽനിന്ന് ഉദ്ധരണികളെടുത്ത് ഉന്നത നിലവാരത്തിലുള്ള ഖുത്ബകൾ നല്കിയിരുന്നു. ക്രിസ്ത്യാനികളേയും മുസ്ലിംകളേയും പ്രമാണബദ്ധമായി തബ്ലീഗ് ചെയ്തിരുന്നു. വലിയ സ്നേഹത്തോടെ സംസാരിക്കാറുണ്ടായിരുന്നു.' ഇദ്ദേഹം പറയുന്നു: 'സഹോദരി സഹോദരന്മാരായ ഞങ്ങളുടെ വിദ്യാഭ്യാസത്തിന്റെ എല്ലാ ചെലവുകളും തന്റെ പരിമിതമായ മാർഗത്തിലൂടെ നിറവേറ്റിയിരുന്നു. ഞങ്ങളെയെല്ലാം ഉന്നത വിദ്യാഭ്യാസത്തിന്റെ ആഭരണംകൊണ്ട് അലങ്കരിച്ചു.'

പാക്കിസ്താനിലെ അൻസ്വാറുല്ലായുടെ ഖാഇദെ ഉമൂമിയായ മഹ്മൂദ് ത്വാഹിർ സാഹിബ് പറയുന്നു: 'വളരെ നിശബ്ദമായി തബ്ലീഗ് ചെയ്യുന്ന ആളായിരുന്നു. അഭിപ്രായങ്ങൾ പറയുന്ന വ്യക്തിയായിരുന്നു.' നാഇബ് വക്കീലുത്തബ്ശീർ, ശേയ്ഖ് ഹാരിഥ് സാഹിബ് പറയുന്നു: 'വളരെ ശാന്തപ്രകൃതക്കാരനായിരുന്നു. മാന്യനായിരുന്നു. തെളിമയാർന്ന സ്വഭാവത്തിന്റെ ഉടമയായിരുന്നു. ഖിലാഫത്തിനോടും ജമാഅത്തിനോടും അങ്ങേയറ്റം കൂറുള്ളയാളും അനുരക്തനുമായിരുന്നു.' ജർമനിയിലെ നാഇബ് അമീർ ഹയ്ദർ അലി സഫ്ർ സാഹിബ് പറയുന്നു: 'അബ്ദുശ്ശക്കൂർ സാഹിബ് വളരെയധികം സവിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. വലിയ ആത്മാർഥനും നിഷ്കപടനും ലളിതപ്രകൃതനും കഠിനാധ്വാനിയും ജമാഅത്തിന്റെ ധനം വളരെ സൂക്ഷ്മതയോടെ ചെലവഴിക്കുന്ന ആളുമായിരുന്നു. മുത്തഖിയും നിയമങ്ങൾ പാലിക്കുന്ന വ്യക്തിയുമായിരുന്നു. ലൈബീരിയായിലുള്ള ജമാഅത്തിന്റെ ബുക്ഷോപ്പ് വളരെ ഭംഗിയായി നടത്തി. അതിൽനിന്നുണ്ടായ വരുമാനം കൊണ്ട് മസ്ജിദും മുറബ്ബിഹൗസും പുതുക്കിപണിതു. കുറച്ച് സ്ഥലത്ത് ഒരു കോംപ്ലക്സുണ്ടാക്കി. അതിൽ ലൈബ്രറിയുമുണ്ടായിരുന്നു. അതിഥി മന്ദിരവുമുണ്ടായിരുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ സ്ഥലവും മസ്ജിദിലുണ്ടായിരുന്നു. മുറബ്ബിഹൗസുമുണ്ടായിരുന്നു. മസ്ജിദ് നിർമിക്കുമ്പോൾ സ്വന്തം കൈകൊണ്ട് തൊഴിലാളികളോടൊപ്പം ജോലി ചെയ്തിരുന്നു. ഒന്ന് സ്വയം വരുമാനമുണ്ടാക്കി മസ്ജിദുണ്ടാക്കി, കോംപ്ലക്സുണ്ടാക്കി. പിന്നീട് ജോലിയും സ്വയം ചെയ്തിരുന്നു.' ഹയ്ദർ അലി സാഹിബ് പറയുന്നു: '1986–ൽ അദ്ദേഹത്തിൽനിന്ന് ഞാൻ ചാർജെടുത്തപ്പോൾ അദ്ദേഹത്തിന് അവിടെ യാത്രയയപ്പ് നല്കി. മസ്ജിദിന്റേയും മിഷൻഹൗസിന്റേയും നിർമാണത്തെ കുറിച്ച് പറഞ്ഞപ്പോൾ, അദ്ദേഹം വളരെ കഠിനാധ്വാനത്തോടെ ഈ എല്ലാ ജോലിയും ചെയ്തുവെന്ന് പറഞ്ഞ് വളരെ പ്രശംസിക്കപ്പെട്ടു.' അതുകേട്ട അദ്ദേഹം വളരെ വിനയനായി പറഞ്ഞു: 'എനിക്കു മുമ്പേ ഒരു മുബല്ലിഗിനാണ് ഈ സ്ഥലം വാങ്ങാൻ തൗഫീഖ് കിട്ടിയത്. എന്റെ കാലത്ത് ഇത് പൂർത്തിയാക്കാൻ അല്ലാഹു എനിക്ക് തൗഫീഖ് നൽകി. ഇനി നിങ്ങൾക്കിവിടെ തബ്ലീഗി ആക്റ്റിവിറ്റീസുകൾ നടത്താവുന്നതാണ്. തൗഫീഖ് നല്കി എന്നത് അല്ലാഹുവിന്റെ ഫള്ലാണ്.' മർഹൂം മൂസ്വിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയ്ക്കു പുറമെ രണ്ടു പെൺകുട്ടികളും മൂന്ന് ആൺകുട്ടികളുമുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

മൂന്നാമത്തെ ജനാസ ഗാഇബാണ്. മുഅല്ലിം വഖ്ഫെ ജദീദ് മലിക് സ്വാലിഹ് മുഹമ്മദ് സാഹിബിന്റേതാണ്. 2019 ഏപ്രിൽ 21ന് ഇദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ പ്രമാതാമഹൻ മലിക്കല്ലാഹ് ബഖ്ശ് സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹം സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം കണ്ട് ലോധറാനിൽനിന്ന് നടന്ന് ഖാദിയാനിൽ വന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. ഇദ്ദേഹത്തിന്റെ പിതാവ് ഗുലാം മുഹമ്മദ് സാഹിബ് ജമാഅത്തിന്റെ ആരംഭകാല മുഅല്ലിമീനിൽപെട്ടയാളാണ്. ഇദ്ദേഹത്തിന്റെ പിതാവും മുഅല്ലിമായിരുന്നു. 1959–ൽ ഇദ്ദേഹം ജനിച്ചു. 76ൽ ഇദ്ദേഹം ജാമിഅ അഹ്മദിയ്യായിൽ ചേരാൻ ശ്രമിച്ചു. പക്ഷേ, പ്രായംകൂടുതലായിരുന്നതുകൊണ്ട് പ്രവേശനം കിട്ടിയില്ല. അങ്ങനെ കോട്ടറിയിൽ ഒരു മില്ലിൽ ജോലി ചെയ്തു. ഇദ്ദേഹത്തിന്റെ മകൻ എഴുതുന്നു: 'മുഅല്ലിമായിരുന്ന എന്റെ പിതാമഹൻ മലിക് ഗുലാം മുഹമ്മദ് സാഹിബ് ഇദ്ദേഹത്തെ കാണാൻ കോട്ടറിയിൽ പോയി. അവിടുത്തെ ചുറ്റുപാട് നല്ലതായി അദ്ദേഹത്തിന് തോന്നിയില്ല. അദ്ദേഹം ഇദ്ദേഹത്തോടു ജോലി ഉപേക്ഷിക്കാൻ പറഞ്ഞു; വഖ്ഫ് ജദീദിന് കീഴിൽ മുഅല്ലിമായി ജീവിതം വഖ്ഫ് ചെയ്യാനും പറഞ്ഞു. അങ്ങനെ ഇദ്ദേഹം ജോലി ഉപേക്ഷിച്ചു. അപ്പോൾ ഇദ്ദേഹത്തിന്റെ വിവാഹവും കഴിഞ്ഞിരുന്നു. അവിടെ ജോലി ചെയ്തപ്പോൾ അദ്ദേഹത്തിന് അക്കാലത്ത് 450 രൂപ ശംബളം കിട്ടിയിരുന്നു. മുഅല്ലിം ക്ലാസിൽ വന്നുചേർന്നു. അതിനുശേഷം മുഅല്ലിമായി. ജമാഅത്തിൽനിന്ന് ജീവിതചെലവിന് 135 രൂപയായിരുന്നു കിട്ടിയിരുന്നത്. പക്ഷേ, അല്ലാഹു തനിക്ക് ദീനിന് സേവനം ചെയ്യാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നത് വലിയ ബഹുമതി

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.' (ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.

യായി ഇദ്ദേഹം മനസ്സിലാക്കി. ഏകദേശം നാലിലൊന്ന് അല്ലെങ്കിൽ മൂന്നിലൊന്ന് വരുമാനത്തിൽ വഖ്ഫ് ആരംഭിച്ചു. ആദ്യം ലോകം സമ്പാദിക്കുകയായിരുന്നു.' മകൻ എഴുതുന്നു: 'ഈ വിനീതന്റെ മാതാവ് പറയുന്നു: 'നഗർപാർക്കറിൽനിന്ന് ഹബാസർ സെന്ററിൽ അദ്ദേഹത്തിന് സ്ഥലമാറ്റമുണ്ടായപ്പോൾ അവിടെ ദീർഘകാലമായി മുഅല്ലിംഹൗസ് അടഞ്ഞു കിടക്കുകയായിരുന്നു. വീട് വീണുകഴിഞ്ഞിരുന്നു. പിതാവ് വളരെ ദൂരത്തുനിന്ന് വെള്ളം കൊണ്ടുവന്ന് മണ്ണുകൂട്ടി രാത്രിയിൽ ഭാര്യയും ഭർത്താവും ഇഷ്ടികകട്ട ഉണ്ടാക്കുമായിരുന്നു. ഇഷ്ടിക ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ ഇരുവരും സ്വന്തം അധ്വാനത്താൽ താമസിക്കാനുള്ള ഏർപ്പാടാക്കി. അവിടെ താമസിക്കാൻ മറ്റു സ്ഥലമൊന്നുമുണ്ടായിരുന്നില്ല. ഇദ്ദേഹം സിന്ധിലും ആരംഭകാല മുഅല്ലിമായിരുന്നു. വളരെ ത്യാഗം ചെയ്താണ് അവിടെ കഴിഞ്ഞത്. സ്വയം വെള്ളമേറ്റി ദൂരദൂരത്തുനിന്ന് കൊണ്ടുവന്നു. മണ്ണു കൂട്ടി. പിന്നീട് മൺകട്ടകളുണ്ടാക്കി. പിന്നീട് സ്വയം താമസത്തിന് മുറിയുണ്ടാക്കി. ജമാഅത്തിനോട് സഹായമൊന്നും ചോദിച്ചില്ല. ഇത് അദ്ദേഹത്തിന്റെ മകൻ തന്നെയാണ് എഴുതുന്നത്. അദ്ദേഹത്തിന്റെ മകൻ പറയുന്നു: നഗർപാർക്കറിൽ അദ്ദേഹത്തിന് സൗകര്യമൊന്നുമുണ്ടായിരുന്നില്ല. മീറ്റിംഗിന് പോയി വരുമ്പോൾ തനിക്കുള്ള മാസത്തിലെ മുഴുവൻ റേഷനും ഹോമിയോപതി മരുന്നുകളും മറ്റു സാധനങ്ങളും കൊണ്ടുവരുമായിരുന്നു. കാരണം റിമോട്ട് ഏരിയായിലായിരുന്നു താമസിച്ചിരുന്നത്. ഒരിക്കൽ ഇതുപോലെ മീറ്റിംഗിന് വന്ന് തിരിച്ചുപോകുമ്പോൾ വഴി മറന്നുപോയി. അവിടത്തെ വലിയ പ്രദേശം തികച്ചും മണലാരണ്യമായിരുന്നു. മണ്ണിലെ കാൽപാടുകൾ കണ്ടാണ് ആളുകൾ വഴി കണ്ടുപിടിച്ചിരുന്നത്. ഇദ്ദേഹത്തിന് ശരിയായ അടയാളങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞില്ല. വഴി മറന്നുപോയി. അപ്പോൾ ഇദ്ദേഹത്തിന്റെ വെള്ളവും തീർന്നു. സിന്ധിൽ കടുത്ത ചൂടായിരുന്നു. ദാഹവും ക്ഷീണവും കാരണത്താൽ ബോധംകെട്ടുവീണു. അവിടെ കിടക്കുകയായിരുന്നു. അപ്പോൾ ഒട്ടകപ്പുറത്ത് രണ്ടുപേർ അതുവഴി പോയി. ആരോ മണ്ണിൽ കിടക്കുന്നത് അവർ കണ്ടു. അത് ഡോക്ടർ സാഹിബാണെന്ന് അവർക്ക് മനസ്സിലായി. നഗർപാർക്കിൽ ഇദ്ദേഹം ഹോമിയോപ്പതി മരുന്ന് കൊടുക്കാറുണ്ടായിരുന്നു. അതുകൊണ്ട് ഡോക്ടർ എന്ന പേരിൽ പ്രസിദ്ധനായിരുന്നു. വന്ന രണ്ടുപേരും അദ്ദേഹത്തിന്റെ രോഗികളായിരുന്നു. അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. വെള്ളം കൊടുത്തു. പിന്നീട് അവിടെ ഗ്രാമത്തിൽ കൊണ്ടുവന്നു. അവിടെ രാത്രി കഴിച്ചു. അടുത്ത ദിവസം സെന്ററിൽ കൊണ്ടുവിട്ടു. ഇദ്ദേഹം എഴുതുന്നു. മക്കളെ നമസ്കരിക്കാൻ ഉപദേശിക്കുമായിരുന്നു. പതിവായി തഹജ്ജുദ് നമസ്കരിക്കുന്ന ആളായിരുന്നു. വഫാത്താകുന്ന ദിവസം തഹജ്ജുദ് നമസ്കരിച്ചു. മാതാവിനേയും തഹജ്ജുദിന് ഉണർത്തി. സൽസ്വഭാവിയും ജനങ്ങളെ സ്നേഹിക്കുന്ന ആളുമായിരുന്നു. ആരെങ്കിലും മോശമായി പെരുമാറിയാൽ ക്ഷമിക്കുമായിരുന്നു. മറുപടി നല്കുമായിരുന്നില്ല. ജനങ്ങളുമായുള്ള ബന്ധം വരിധിപ്പിക്കുന്നതിലും വളരെ നല്ല സ്വഭാവമായിരുന്നു. വളരെ പ്രസിദ്ധനായിരുന്നു. വിശ്വസ്തത കാരണത്താൽ ആളുകൾ അദ്ദേഹത്തിന്റെ കൈയിൽ അമാനത്തുകൾ ഏല്പിക്കുമായിരുന്നു. ഏതെങ്കിലും കുടുംബത്തിൽ സ്വരചേർച്ചയില്ലാതായാൽ എപ്പോഴും ഐക്യപ്പെടുത്തുമായിരുന്നു.

പരേതനും മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ മുബാറക് അഹ്മദ് മുനീർ സാഹിബ് ബുർക്കിനോഫാസോയിൽ മുറബ്ബിയായി സേവനമനുഷ്ഠിച്ചുവരുന്നു. അക്കാരണത്താൽ പാക്കിസ്താനിൽ പോയി പിതാവിന്റെ ശേഷക്രിയയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ആ വികാരത്തോടും ത്യാഗത്തോടും ദീനീസേവനത്തിന് തൗഫീഖ് നല്കുമാറാകട്ടെ.

നാലാമത്തെ ജനാസ ഔംശവെലവല ജുമുഅ സാഹിബിന്റേതാണ്. ഇദ്ദേഹം ടാൻസാനിയക്കാരനായിരുന്നു. മാർച്ച് 13ന് ഇദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ. 1933–34 ൽ ടാൻസാനിയായിലെ മോറോഗോറോ റീജ്യണിൽ ജനിച്ചു. 1963ൽ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു. അദ്ദേഹം ജമാഅത്തിൽ ചേർന്ന സംഭവം ഇങ്ങനെയാണ്. മരിച്ചുപോയവർക്ക് ഖത്തം ഓതുന്നതും മരിച്ച കുട്ടിയുടെ അഖീഖ ഒരേയൊരു സ്ഥലത്ത് ചെയ്യുന്നതും അവിടത്തെ ഉലമാക്കളുടെ സമ്പ്രദായമായിരുന്നു. ഇദ്ദേഹത്തിന് അതിനോടു അഭിപ്രായഭിന്നതയുണ്ടായിരുന്നു. ഇതെന്ത് ഖത്തമാണ്? മരിച്ച കുട്ടിയ്ക്ക് എന്ത് അഖിഖയാണ്? പറയുന്നു: പെട്ടെന്ന് മരിച്ചുപോകുന്ന കുട്ടികളുടെ അഖീഖ നടത്തണമെന്ന അഭിപ്രായക്കാരായിരുന്നു ചില സുന്നി ഉലമാ. ഇദ്ദേഹം മൗലവിമാർ ചെയ്യുന്ന ഇത്തരം കാര്യങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങളിലൊന്നും കണ്ടില്ല. അതിൽ അദ്ദേഹത്തിന് വളരെ വിഷമമുണ്ടായി. മുസ്‌ലിംകളുടെ അവസ്ഥ ഓർത്തു വളരെ ദുഃഖിച്ചിരുന്നു. അല്ലാഹുവേ! ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാൻ നീ ഹദ്റത്ത് ഈസാ(അ)യെ ഇറക്കിയാലുമെന്ന് എപ്പോഴും ദുആ ചെയ്തിരുന്നു. മിഷണറി ഇൻ ചാർജ് സാഹിബെഴുതുന്നു: 'അദ്ദേഹം പറഞ്ഞതനുസരിച്ച്, അദ്ദേഹം ജമീലുർറഹ്മാൻ സാഹിബുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ– അദ്ദേഹം അപ്പോൾ അവിടെ മുബല്ലിഗായിരുന്നു. ഇപ്പോൾ പാക്കിസ്താനിൽ വക്കീലുത്തസ്നീഫാണ്–മുബല്ലിഗ് സാഹിബ് അദ്ദേഹത്തോട് പറഞ്ഞു, കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തവൻ ജാഹിലിയ്യത്തിന്റെ മരണം വരിക്കുമെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുള്ളതാണ്. താൻ കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തതുകൊണ്ട് യഥാർഥ മുസ്‌ലിമല്ലല്ലോ എന്നദ്ദേഹം വിചാരിച്ചു. പിന്നീട് ഉടനെ അദ്ദേഹം ബയ്അത്ത് ചെയ്തു. ബയ്അത്തിനുശേഷം തന്റെ ഗ്രാമത്തിൽപോയി. തന്റെ സഹോദരി സഹോദരന്മാരെ തബ്‌ലീഗ് ചെയ്തു. കുടുംബക്കാരെ തബ്‌ലീഗ് ചെയ്തു. സ്നേഹിതന്മാരെ തബ്‌ലീഗ് ചെയ്തു. എല്ലാവരേയും ഒരുമിച്ചുകൂട്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിച്ചു. ആ വർഷത്തിനിടയിൽ അദ്ദേഹത്തിന്റെ സഹോദരന്മാരായ ഈദീ സൽമാൻ സാഹിബും മുഹമ്മദ് ജുമുഅ സാഹിബും വഫാത്തായിക്കഴിഞ്ഞിരുന്നു. ജുമുഅ സാഹിബിന്റെ ഭാര്യ അദ്ദേഹത്തിന്റെ തബ്‌ലീഗുകൊണ്ട് ജമാഅത്തിൽ ചേർന്നു. പരേതന് കഠിനമായ എതിർപ്പ് നേരിടേണ്ടിവന്നു. പക്ഷേ, പതുക്കെപ്പതുക്കെ ആളുകൾ ജമാഅത്തിൽ ചേർന്നു തുടങ്ങി. അദ്ദേഹത്തിന്റെ ഗ്രാമമായ മക്കോയോണിയോടു ചേർന്നുള്ള ഗ്രാമങ്ങളിലെല്ലാം ജമാഅത്ത് വളരെ നല്ലനിലയിൽ രൂപീകൃതമാകാൻ തുടങ്ങി. മിഷണറി ഇൻ ചാർജ്ജ് എഴുതുന്നു. ഇപ്പോൾ മക്കോയോണി ജമാഅത്ത് മോറോഗോറോ റീജ്യണിലെ ഒരു മാതൃകാജമാഅത്താണ്. ഇത് അദ്ദേഹത്തിന്റെ ശ്രമഫലമായുണ്ടായ ജമാഅത്താണ്.

ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം മരണംവരെ അദ്ദേഹത്തിന്റെ ഓരോ കർമങ്ങളിൽനിന്ന് പ്രകടമാകുന്നത് ഖിലാഫത്തിൽ അങ്ങേയറ്റം അനുരക്തനായിരുന്നുവെന്നും മുബല്ലിഗുമാരേയും ജമാഅത്ത് ഭാരവാഹികളേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നുവെന്നാണ്. ജമാഅത്തുപരമായ വ്യവസ്ഥിതി കണിശമായും പാലിച്ചിരുന്നു. തബ്‌ലീഗിന് വളരെ താൽപര്യമായിരുന്നു. വികാരമായിരുന്നു. എപ്പോഴും തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. ഒരു അവസരവും പാഴാക്കിയിരുന്നില്ല. ചന്ദ നല്കുന്നവരിൽ ഒന്നാം നിരയിലാണ് ഗണിക്കപ്പെട്ടിരുന്നത്. എന്തെങ്കിലും വരുമാനമുണ്ടായാൽ ചന്ദ കൊടുക്കണമെന്ന ചിന്തയിലായിരുന്നു എപ്പോഴും. ഈ താൽക്കാലിക ലോകത്തിന് ഒരു വിലയും നല്കിയിരുന്നില്ല. അദ്ദേഹം മൂസിയായിരുന്നു. ഈ അനുഗൃഹീത പദ്ധതിയിൽ ചേരാൻ ആളുകളെ പ്രേരിപ്പിച്ചിരുന്നു. നമസ്കാരം നിലനിറുത്തുന്നതിലും മാതൃകയായിരുന്നു. അഞ്ചുനേര നമസ്കാരത്തിനുള്ള സൗകര്യം സ്വയം ചെയ്യുമായിരുന്നു. തന്റെ കുട്ടികളേയും പൗത്രന്മാരേയും പൗത്രിമാരേയും ദൗഹിത്രന്മാരേയും ദൗഹിത്രിമാരേയും അതിന് ഉപദേശിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതിലും വലിയ താൽപര്യമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ശംഓൻ ജുമുഅ സാഹിബ്–ജാമിഅ അഹ്മദിയ്യാ ടൻസാനിയായിലെ ഉസ്താദാണ് പറയുന്നു. 1987–90 നിടയിൽ ഞങ്ങൾ മൂന്ന് സഹോദരന്മാർ ജാമിഅ ടൻസാനിയായിൽ പഠിച്ചിരുന്നു. (അവിടെ നടക്കുന്ന മുബശ്ശിർ കോഴ്സിൽ). എനിക്കോർമയുണ്ട് ഒരിക്കൽ അവധിക്കാലത്തിന്നിടയിൽ നമ്മളിൽ ഒരാൾ ജാമിഅയിലെ പഠനം നിറുത്തി വീട്ടിൽ തിരിച്ചുപോകാമെന്നും, മാതാപിതാക്കളുടെ നിത്യവൃത്തിയിൽ സഹായിക്കാമെന്നും പരസ്പരം കൂടിയാലോചിച്ചു. ഞങ്ങൾ ഈ അഭിപ്രായം പിതാവിനോടു പറഞ്ഞു. അദ്ദേഹം അത് തീരെ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ മകൻ ശംഓൻ ജുമുഅസാഹിബ് എഴുതുന്നു: ഞങ്ങളുടെ പിതാവ് വളരെ പ്രതാപകരമായ അവസ്ഥയിലായിരുന്നു. ആ ദിനം എനിക്കൊരിക്കലും മറക്കാൻ കഴിയില്ല. അദ്ദേഹം ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നു. അല്ലാഹുവിൽ തവക്കുൽ ചെയ്യുക. ജാമിഅയിലെ പഠനം തുടരുക. പഠനം ഒരിക്കലും ഉപേക്ഷിക്കരുത്. അദ്ദേഹം തന്റെ മൂന്ന് മക്കളിലും ജമാഅത്തിന് സേവനം ചെയ്യേണ്ടുന്ന ആത്മാവ് ഊതി.

അല്ലാഹു അദ്ദേഹത്തോട് കാരുണ്യത്തോടും മഗ്ഫിറത്തോടും കൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങളേയും സത്യസന്ധരായ ദീനിന്റെ സേവകരും ഇസ്‌ലാമിന്റെ സേവകരും ആക്കുമാറാക്കട്ടെ. ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിനു ശേഷം ഇവരെല്ലാവരുടേയും ജനാസ നമസ്കരിപ്പിക്കുന്നതാണ്.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### കഴിഞ്ഞ ലക്കം തുടർച്ച.....)

**2016 മെയ് 20 വെള്ളിയാഴ്ച:**

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 3.45ന് മസ്ജിദ് നാസിറിൽ സുബ്ഹി നമസ്കാരത്തിന് നേതൃത്വം നൽകുകയും ശേഷം താമസ സ്ഥലത്തേക്ക് മടങ്ങുകയും തുടർന്ന് ഓഫീസ് കാര്യങ്ങളിൽ മുഴുകുകയും ചെയ്തു.

ഇന്ന് അനുഗൃഹീത വെള്ളിയാഴച ദിവസമായിരുന്നു. ഇന്നത്തേത് എം.ടി.എ മുഖേന സ്വീഡനിലെ ഗോഥൻ ബർഗ് നാസിർ മസ്ജിദിൽനിന്ന് നേരിട്ട് സംപ്രേഷണം ചെയ്യപ്പെടുന്ന ഹുദൂറിന്റെ രണ്ടാമത്തെ ഖുത്ബയാണ്. 11 വർഷം മുമ്പേ 2005 ആഗസ്റ്റ് 16-ന് ആദ്യമായി ഹുദൂറിന്റെ ലൈവ് ഖുത്ബ ഇവിടെ നിന്ന് സംപ്രേഷണം ചെയ്യപ്പെടുകയുണ്ടായി. പ്രിയങ്കരനായ നേതാവിന്റെ പിന്നിൽനിന്ന് ജുമുഅ നമസ്കാരം നിർവ്വഹിക്കാൻ സ്വീഡൻ ജമാഅത്തുകളെ കൂടാതെ ഡെന്മാർക്ക്, നോർവെ, ഫിൻലാന്റ്, ബ്രിട്ടൻ, ജർമനി എന്നീ രാഷ്ട്രങ്ങളിൽനിന്ന് ജമാഅത്ത് സഹോദരങ്ങളും കുടുംബങ്ങളും വൻതോതിൽ എത്തിയിരുന്നു. സ്വീഡനിലേയും സമീപ രാഷ്ട്രങ്ങളിലേയും അഹ്മദികൾ നീണ്ട ദൂരം റോഡ് മാർഗം യാത്ര ചെയ്താണ് എത്തിയത്. മാൽമോയിൽനിന്ന് 274 കിലോമീറ്റർ കാൽമാറിൽ നിന്ന് 350 കിലോമീറ്റർ സ്റ്റോക്ക് ഹോമിൽനിന്ന് 483 കിലോമീറ്ററും ലോല്യോയിൽ നിന്ന് 1500 കിലോമീറ്ററും യാത്ര ചെയ്താണെത്തിയത്. അയൽ രാജ്യത്തുനിന്ന് വന്നവരിൽ നോർവേയിൽ നിന്ന് വന്നവർ 295 കിലോമീറ്ററും ഡെന്മാർക്കിൽ നിന്ന് വന്നവർ 321 കിലോമീറ്ററും ഫിൻലാന്റിൽ നിന്ന് വന്നവർ 1082 കിലോമീറ്ററും യാത്ര ചെയ്താണ് വന്നത്.

രാവിലെ മുതൽ തന്നെ ജമാഅത്ത് സഹോദരങ്ങളായ പുരുഷൻമാരുടേയും സ്ത്രീകളുടേയും വരവ് ആരംഭിച്ചിരുന്നു. മസ്ജിദ് കൂടാതെ രണ്ടു വലിയ ഹാളും പന്തലുകളും നമസ്കാരക്കാരെ കൊണ്ട് നിറഞ്ഞിരുന്നു. മൊത്തത്തിൽ 1300 പേർ എത്തിയിരുന്നു. രാജ്യത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളെ കവർ ചെയ്യുന്ന സ്വീഡിഷ് നാഷണൽ ടെലിവിഷൻ ടീം ഗോഥൻബർഗിലെ മസ്ജിദ് നാസിറും മറ്റു ചില ദൃശ്യങ്ങളും പകർത്തുന്നതിന് വന്നിരുന്നു.

2 മണിക്ക് ഹുദൂർ നാസിർ മസ്ജിദിൽ ജുമുഅ ഖുത്ബ നിർവ്വഹിച്ചു. ഈ ഖുത്ബയുടെ സംഗ്രഹം ബദ്ർ പത്രം 2016 മെയ് 26-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഖുത്ബയുടെ പൂർണരൂപം ജൂൺ 9-ലെ ബദ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ സ്വീഡിഷ് തർജമ തൽസമയം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. 3 മണിവരെ നീണ്ടു നിന്ന ജുമുഅ ഖുത്ബ നമസ്കാരത്തിന്റെ കൂടെ അസ്്ർ നമസ്കാരവും ജംആക്കി നിർവ്വഹിച്ചു. ശേഷം ഹുദൂർ ഓഫീസിലേക്ക് മടങ്ങി.

അടുത്ത പരിപാടി ഒരു ഇന്റർവ്യൂ ആയിരുന്നു. സ്വീഡിഷ് നാഷണൽ ടെലിവിഷൻ സ്വെർജെ സ്വാസ്റ്റ് ടെലിവിഷന്റെ(Sverges vast television) ജേർണലിസ്റ്റാണ് ഹുദൂറിനെ ഇന്റർവ്യൂ ചെയ്തത്. സ്വീഡന്റെ പടിഞ്ഞാറൻ പ്രദേശമാണ് ഈ ചാനൽ കവർ(cover) ചെയ്യുന്നത്.

ജേർണലിസ്റ്റ്: ജുമുഅക്കുശേഷം എന്താണ് അങ്ങയുടെ പരിപാടി?

ഹുദൂർ: ഞാൻ പോകുന്ന സ്ഥലങ്ങളിലെല്ലാം നമ്മുടെ ജമാഅത്തിലെ അംഗങ്ങളുണ്ടാകാറുണ്ട്.ഞാനെന്റെ ജമാഅത്തിലെ വ്യക്തികളെ കാണുന്നു. അതിനുശേഷം വൈകുന്നേരം എനിക്ക് ഫാമിലികളുമായി കൂടിക്കാഴ്ചയുണ്ട്. കൂടാതെ ചില ഔദ്യോഗിക പരിപാടികളുമുണ്ട്.

ജേർണലിസ്റ്റ്: ഗോഥൻബർഗ് പട്ടണത്തെ കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ?

ഹുദൂർ: ഞങ്ങളുടെ സ്വീഡൻ ജമാഅത്തിലെ ഭൂരിഭാഗം അഹ്മദികളും ഇവിടെ ഗോഥൻ ബർഗിലാണ് താമസിക്കുന്നത്. ഇക്കാരണത്താലാണ് ഞാൻ ഗോഥൻബർഗിൽ വന്നതും.

ജേർണലിസ്റ്റ്:നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശനങ്ങളിലൊന്ന് തീവ്രവാദമാണ്. ഇതു സംബന്ധമായി അങ്ങയുടെ വീക്ഷണമെന്താണ്?

ഹുദൂർ: ഇസ്‌ലാമിനെ തീവ്രവാദവുമായി ബന്ധിപ്പിക്കപ്പെട്ടു വരുന്നു. യഥാർഥത്തിൽ ഇസ്‌ലാമിൽ തീവ്രവാദത്തിന് ഒരു സ്ഥാനവുമില്ല. അപലപിക്കുന്ന വിഷയമാണെങ്കിൽ വിശുദ്ധ ഖുർആൻ വളരെ വിശദമായി വ്യക്തമാക്കുന്നത് മതം നിങ്ങളുടെ ഹൃദയത്തിന്റെ വിഷയമാണെന്നാണ്. അതിൽ ഒരു നിർബന്ധവുമില്ല. നബിയേയും ഖുർആനിനേയും ആക്ഷേപിക്കുന്ന വിഷയമാണെങ്കിൽ നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഇതു സംബന്ധമായി ഒരു നിയമവും ഉണ്ടാക്കിയിട്ടില്ല. മതമുപേക്ഷിച്ച് പോകുന്ന വിഷയമാണെങ്കിൽ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത്, മതം തിരഞ്ഞെടുക്കുന്നതിൽ ഓരോ മനുഷ്യനും പൂർണ സ്വാതന്ത്ര്യമുണ്ടെന്നാണ്. അയാൾ ഇസ്‌ലാം ഉപേക്ഷിച്ചാലും സ്വീകരിച്ചാലും ശരി അത് അയാളുടെ ഇഷ്ടമാണ്. അതുകൊണ്ട് ഇക്കാലഘട്ടത്തിൽ തീവ്രവാദികൾ ചെയ്യുന്നതെന്താണോ അതിന് ഇസ്‌ലാമികാധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ല. ഒരു നിരപരാധിയെ വധിക്കുകയെന്നത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് തികച്ചും എതിരാണ്. ഞാൻ മുമ്പേയും പറഞ്ഞിരുന്നതുപോലെ ഈ പണി ചെയ്യുന്നവർക്ക് സ്വർഗം നൽകപ്പെടുന്നതാണെന്ന വ്യാമോഹം നൽകപ്പെടുന്നു. എന്നാൽ, ഇസ്‌ലാം പറയുന്നത്, നിങ്ങൾ ഒരു നിരപരാധിയെ വധിച്ചാൽ നിങ്ങൾ സ്വർഗ്ഗത്തിലല്ല, നരകത്തിലാണ് പോകുക എന്നാണ്.

ജേർണലിസ്റ്റ്: അങ്ങയുടെ അഭിപ്രായത്തിൽ അതിനുള്ള കാരണമെന്താണ?

ഹുദൂർ: ഇതിന്നുള്ള കാരണം മതമല്ല, ഇതിന്നുള്ള കാരണം അവരുടെ സ്വന്തം താൽപര്യങ്ങളാണ്. മധ്യപൗരസ്ത്യ ദേശത്ത് ജനങ്ങൾക്ക് അവരുടെ ഭരണകൂടവുമായി ചില പ്രശ്നങ്ങളുണ്ട്. അതിനോടുള്ള പ്രതികരണങ്ങളിലാണ് നിയമവിരുദ്ധ ഗ്രൂപ്പുകളുണ്ടാകുന്നത്. ഇങ്ങനെയുള്ള നിയമവിരുദ്ധ ഗ്രൂപ്പുകളിൽ നിന്നാണ് തീവ്രവാദ ഗ്രൂപ്പുകൾ ജന്മം കൊള്ളുന്നത്. പിന്നീട് ഇവർ ഇവരുടെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് മതത്തെ ഉപയോഗിക്കുന്നു.

ജേർണലിസ്റ്റ്: അങ്ങയുടെ സ്വീഡൻ യാത്രയെ കുറിച്ച് സംക്ഷിപ്തമായി എങ്ങനെ വിവരിക്കും?

ഹുദൂർ: എനിക്ക് സ്വീഡനിൽ വളരെ ആനന്ദം തോന്നി എന്ന് തന്നെ ഞാൻ പറയും. മാൽമോയിൽ ഞങ്ങൾക്ക് സ്വീഡനിലെ രണ്ടാമത്തെ മസ്ജിദ് ഉൽഘാടനം ചെയ്യാൻ കഴിഞ്ഞു. സ്റ്റോക് ഹോമിൽ പോയപ്പോൾ അവിടെയുള്ള ചില വിദ്യാസമ്പന്നരേയും രാഷ്ട്രീയക്കാരേയും കാണാൻ കഴിഞ്ഞു. ഇപ്പോൾ ഞാൻ ഇവിടെ ഗോഥൻബർഗിൽ വന്നിരിക്കുകയാണ്. ഇവിടെ സ്വീഡനിലെ പ്രകൃതികാഴ്ചകളും മറ്റും കാണാൻ പോയിട്ടില്ല. ഇവിടെ തങ്ങുന്നതിനിടയിൽ വളരെയധികം വ്യക്തികളെ കാണാൻ കഴിഞ്ഞു. വളരെ നല്ലതായിരുന്നു. ഇൻർവ്യൂയിന്നൊടുവിൽ വനിതാ ജേർണലിസ്റ്റ് ഹുദൂറിന്ന് നന്ദി പറഞ്ഞു. ഇന്റർവ്യൂവിന് ശേഷം 3.40-ന് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**ലജ്ന ഇമായില്ല നാഷണൽ മജ്‌ലിസ് ആമില ഹുദൂറിനോടൊപ്പം മീറ്റിംഗ്**

6-മണിക്ക് ഹുദൂർ മീറ്റിംഗ് ഹാളിലെത്തി. സ്വീഡനിലെ ലജ്നാ ഇമായില്ല നാഷണൽ മജ്‌ലിസെ ആമില ഹുദൂറുമൊത്ത് മീറ്റിംഗ് നടത്തി. ഹുദൂർ അൻവർ ദുആ ചെയ്തു. ഹുദൂർ അന്വേഷിച്ചപ്പോൾ ജനറൽ സെക്രട്ടറി പറഞ്ഞു: ഞങ്ങൾക്ക് 9 മജ്‌ലിസുണ്ട്. എല്ലാ മജ്‌ലിസുകളും റിപ്പോർട്ട് അയക്കുന്നു.

അപ്പോൾ ഹുദൂർ പറഞ്ഞു: അത് വളരെ നല്ല കാര്യമാണ്.

ഹുദൂർ ചോദിച്ചു:ഈ മജ്‌ലിസുകൾക്ക് അവരുടെ റിപ്പോർട്ടുകൾക്ക് മറുപടി കൊടുക്കാറുണ്ടോ?

ജനറൽ സെക്രട്ടറി:നാഷണൽ സെക്രട്ടറിമാരോടും ലജ്നാ സ്വദ്റിനോടും ചർച്ച നടത്തിയതിനു ശേഷം മറുപടി നൽകാറുണ്ട്.

ഹുദൂർ: സ്വദ്ർ സാഹിബ സ്വന്തം മജ്‌ലിസുകളുമായി നേരിട്ടും ബന്ധം വെക്കേണ്ടതാണ്.

തുടർന്ന് സെക്രട്ടറി തർബിയത്തിനോട് ഹുദൂർ ചോദിച്ചു: തർബിയ്യത്തിന്റെ എന്ത് പരിപാടിയ്ക്കാണ് രൂപംകൊടുത്തിട്ടുള്ളത്? നവംബർ മുതൽ ഇതുവരെ ആറു മാസം കഴിഞ്ഞിട്ടുണ്ട്. നിങ്ങൾ എന്താണ് ചെയ്തത്?

സെക്രട്ടറി തർബിയ്യത്ത്: മൂന്ന് മാസത്തെ വിലയിരുത്തലിൽനിന്ന് മനസ്സിലാകുന്നത് പുരോഗതിയുണ്ടെന്നാണ്.

ഹുദൂർ: ലജ്നകളുടെ ആകെ എണ്ണം എത്രയാണ്?എത്ര ലജ്നകൾ നമസ്കരിക്കുന്നുവെന്നും ഖുർആൻ തിലാവത്ത് ചെയ്യുന്നുവെന്നും ഖുത്ബ കേൾക്കുന്നുവെന്നും വിലയിരുത്തിയിട്ടുണ്ടോ?

സെക്രട്ടറി തർബിയ്യത്ത്: ഖുത്ബയിൽനിന്ന് തർബിയ്യത്തുപരമായ വിഷയങ്ങൾ തിരഞ്ഞെടുത്ത് തർബിയ്യത്ത് കമ്മിറ്റിയുടെ മീറ്റിംഗിൽവച്ച് എങ്ങനെ നടപ്പിൽ വരുത്താമെന്ന് ചർച്ച ചെയ്യുന്നു. എല്ലാ മാസവും തങ്ങളുടെ പ്രശ്നങ്ങൾ തർബിയ്യത്ത് സെക്രട്ടറിമാർ അവതരിപ്പിക്കുകയും അവകൾക്ക് തീർപ്പ് കണ്ടെത്തുകയും ചെയ്യുന്നു. ഹുദൂറിന്റെ ചോദ്യത്തിന് മറുപടി എന്നവണ്ണം സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു:15 മുതൽ 25 വയസ്സ് വരെയുള്ള 66 ലജ്നയുണ്ട്. 25 വയസ്സിനു മുകളിൽ 277 ലജ്നയുണ്ട്.

ഹുദൂർ:വിവിധ വിഭാഗങ്ങളായി (categories) തിരിക്കേണ്ടത് സെക്രട്ടറി തജ്നീദിന്റെ പ്രവൃത്തിയാണ്. 15 മുതൽ 25 വരെ, 25 വയസ്സു മുതൽ 30 വയസ്സു വരെ, 40 വയസ്സിനു മുകളിൽ എത്ര? 40 വയസ്സിനു മുകളിൽ വിദ്യാ സമ്പന്നർ എത്ര? 40 വയസ്സിനു മുകളിൽ ഇവിടുത്തെ നിലവാരമനുസരിച്ച് വിദ്യാസമ്പന്നർ കുറവാണ്.

ഖുത്ബ വിഷയമായി സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു: ലജ്നകൾ അവരുടെ മൊബൈലിൽ ഖുത്ബ കേൾക്കുന്നു. ശേഷം തങ്ങൾ ഖുത്ബ കേട്ടുവെന്ന് അറിയിക്കുന്നു.

ഹുദൂർ:അൽഫദ്ലിൽ ഖുത്ബയുടെ ചോദ്യോത്തരങ്ങൾ വരുന്നുണ്ട്. നിങ്ങളും അപ്രകാരം ഉണ്ടാക്കുകയോ അല്ലെങ്കിൽ അതിൽ നിന്നെടുത്ത് സ്വീഡിഷ് ഭാഷയിൽ തർജമ ചെയ്ത് വിതരണം ചെയ്യുകയോ ചെയ്യുക. ഇന്ന ഹദീഥ് ഏതു വിഷയത്തെ സംബന്ധിച്ചാണ് പരാമർശിക്കുന്നത്? തുടങ്ങിയ രീതിയിൽ.

തുടർന്ന് ഹുദൂർ സെക്രട്ടറി തർബിയ്യത്തിനോട് അന്വേഷിച്ചു: ഖുത്ബ കേൾക്കുന്നുവെന്ന റിപ്പോർട്ട് ശരിയാണ് എന്ന് നിങ്ങൾക്കുറപ്പുണ്ടോ?

സെക്രട്ടറി തർബിയ്യത്ത്: ഞങ്ങൾ ഒരാഴ്ച പൂർണമായും സമയം നൽകുന്നു; എപ്പോഴാണോ കേൾക്കുന്നത് എന്നിട്ട് മറുപടി തരാൻ. ചില മെംബർമാർ ഞായറാഴ്ച വൈകുന്നേരമാണ് മറുപടി തരുന്നത്.

ഹുദൂർ: തർബിയ്യത്തിനുവേണ്ടി ഏതു ഗ്രന്ഥമാണ് അല്ലെങ്കിൽ ഏതു ഭാഗമാണ് നിശ്ചയിച്ചിട്ടുള്ളത്?

സെക്രട്ടറി തർബിയ്യത്ത്: 'ഊഡ്നി വാലിയോം കേലിയെ ഫൂൽ.' ദുരാചാരങ്ങൽക്കെതിരിൽ ഹദ്റത്ത് ചേരാട്ടീ ആപ്പാ ജാനിന്റെ ഗ്രന്ഥമാണ് വെച്ചിരിക്കുന്നത്.

ഹുദൂർ ആമിലാ അംഗങ്ങളോട് പറഞ്ഞു: നിങ്ങളിലെത്ര പേർ ഖുത്ബ കേൾക്കുന്നുവെന്ന് കൈയുയർത്തി പറയുക?

അപ്പോൾ എല്ലാ ആമിലാ മെംബർമാരും കൈയുയർത്തി.

ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി നാസിറാത്ത് പറഞ്ഞു: നാസിറാത്തിന്റെ തജ്നീദ് 51 ആണ്.

ഹുദൂർ:തർബിയ്യത്തിന്റെ സിലബസ് എന്താണ്? നിങ്ങൾ ലജ്നയ്ക്ക് മോട്ടോ നൽകണം; 'അൽഹയാഉ മിനൽ ഈമാൻ.'(ലജ്ജ ഈമാനിന്റെ ഭാഗമാണ്). നാസിറാത്തിനും മോട്ടോ നൽകണം.

സെക്രട്ടറി നാസിറാത്ത്:സ്വീഡനിൽ നാസിറാത്തിന്റെ ചന്ദ നൽകുന്നവരുടെ എണ്ണം വളരെ കുറവാണ്.മീറ്റിംഗിൽ വരും എന്നാൽ, ചന്ദ തരില്ല.

ഹുദൂർ: ഓർമപ്പെടുത്തുക, ബന്ധപ്പെട്ടുകൊണ്ട് മാതാക്കളെ ഉണർത്തുക. മാതാക്കളുമായി ബന്ധപ്പെടുകയാണെങ്കിൽ നാസിറാത്തുകളുമായുള്ള ബന്ധമായിരിക്കുമത്. 91 ശതമാനം ഖുത്ബ കേൾക്കുന്നവരും ബന്ധപ്പെടാത്തവരും ആകുക സാധ്യമല്ല. ഈ ബാക്കിയുള്ളവർ 9 ശതമാനത്തിൽ നിന്നുള്ളവരാകുക സാധ്യമല്ല. അതുകൊണ്ട് പ്രോഗ്രാം ഉണ്ടാക്കുക. മാസത്തിൽ ഒന്നോ രണ്ടോ പരിപാടികൾ നടത്തുക. നാസിറാത്തിന്റെ എല്ലാ പ്രവർത്തനങ്ങളും നാസിറാത്ത് സെക്രട്ടറിയുടെ പ്രവൃത്തിയാണ്. നാസിറാത്തിന്റെ ആമില ഉണ്ടാക്കുക.

ഹുദൂർ ചോദിച്ചപ്പോൾ നാസിറാത്ത് സെക്രട്ടറി പറഞ്ഞു:കുട്ടികളുടെ വരിസംഖ്യ 35 ക്രോണറാണ്.

ഹുദൂർ: 35 ക്രോണറാണ് വരുന്നതെങ്കിൽ അതിന്റെ മൂന്നിലൊരു ഭാഗം മാസത്തിൽ നൽകാൻ കഴിയില്ലേ? നിങ്ങൾ നാസിറാത്തുമായി നേരിട്ടും ബന്ധം വെക്കുക. ഈ ഉത്തരവാദിത്വമെല്ലാം താങ്കളുടേതാണ്.

തർബിയ്യത്ത് വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടറി നാസിറാത്ത് പറഞ്ഞു: പുതിയ സിലബസ് ഉണ്ടാക്കുന്നുണ്ട്. ഞങ്ങളുടെ വർഷം ഒക്ടോബറിലല്ല തുടങ്ങുന്നത്, ഇജ്തിമാക്ക് ശേഷം മെയിലാണ് തുടങ്ങുന്നത് എന്ന് അറിയിച്ചപ്പോൾ ഹുദൂർ പറഞ്ഞു:'ലോകത്ത് എല്ലാ സ്ഥലങ്ങളിലും ഒരു നിയമമേ നടക്കുകയുള്ളൂ; ഒക്ടോബർ മുതൽ സെപ്റ്റംബർ വരെ. ഇജ്തിമാ ഇഷ്ടംപോലെ നടത്തുക. പുതിയ സ്വദ്റാണെങ്കിലും ഒക്ടോബർ മുതലാണ് പ്രവൃത്തിച്ചു തുടങ്ങുന്നത്. ഇല്ലെങ്കിൽ വ്യവസ്ഥിതി നിലനില്ക്കുകയില്ല. ഭരണഘടനയെ പിൻപറ്റേണ്ടതാണ്. ലജ്നയുടെ ആമിലയുടേയും സമ്പത്തിക വർഷത്തിന്റേയും തുടക്കം ഒക്ടോബർ മുതൽ സെപ്റ്റംബർ വരെയാണ്. സെപ്റ്റംബർ ഒക്ടോബറിൽ ഒരു കേന്ദ്രസ്ഥലത്ത് നിങ്ങളുടെ പ്രോഗ്രാം വെക്കുകയും സ്വദ്റിന്റെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുക. തിരഞ്ഞെടുപ്പ് ഇല്ലാത്ത വർഷം ആവശ്യമില്ല. രണ്ടു വർഷത്തിനു ശേഷം ശൂറയുടെ മീറ്റിംഗിൽ സ്വദ്റിന്റെ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇതിന് ഇജ്തിമായുമായി ബന്ധമൊന്നുമില്ല. ഇജ്തിമാ ഇഷ്ടംപോലെ നടത്തുക.

ഹുദൂർ പറഞ്ഞു: നാസിറാത്തിനും വസ്ത്ര സംബന്ധമായി ഡ്രസ് കോഡ് നൽകുക. പത്തു പതിനൊന്ന് വയസ്സുള്ള കുട്ടികളുടെ ശ്രദ്ധ ലജ്ജയിലേക്ക് കൊണ്ടുവരിക. 11 വയസ്സു മുതൽ ശ്രദ്ധ ചെലുത്തിയെങ്കിൽ മാത്രമേ ഈ വിചാരം ഉണ്ടാകുകയുള്ളൂ. സ്കാർഫോ നീണ്ട ഉടുപ്പോ ധരിക്കട്ടെ. 13 വയസ്സിൽ ചില കുട്ടികൾക്ക് സ്കാർഫിന്റെ ആവശ്യം നേരിടുന്നു. ആദ്യം ലജ്ജാ ശീലം ഉണ്ടാക്കാൻ ശ്രമിക്കുക. അതിനുവേണ്ടി വിശുദ്ധ ഖുർആനിലെ വിവിധ വചനങ്ങളും ഹദീഥുകളും മസീഹ് മൗഊദിന്റെ ലിഖിതശകലങ്ങളും ഖലീഫമാരുടെ നിർദേശങ്ങളും അയച്ചു കൊണ്ടിരിക്കേണ്ടതാണ്. അത് സ്വയം സ്വാധീനിച്ചുകൊണ്ടിരിക്കും. വലുതായതിനുശേഷം ശിക്ഷണം നൽകാൻ ശ്രമിച്ചൽ അത് ഫലമുണ്ടാക്കുകയില്ല. യഥാർഥ കാര്യം ലജ്ജയാണ്. അതുണ്ടാക്കുക. ബാക്കിയെല്ലാം സ്വയം ശരിയായിക്കൊണ്ടിരിക്കും.

സെക്രട്ടറി നാസിറാത്ത് പറഞ്ഞു:ഞങ്ങൾക്ക് ഒരു മാസാന്ത റിപ്പോർട്ടു ഫോറമുണ്ട്. മറ്റൊന്ന് മൂന്ന് മാസന്തോറുമുള്ളതാണ്. ഓരോ മൂന്ന് മാസത്തിന് ശേഷവും പ്രവർത്തനം വിലയിരുത്തുന്നു.

ഹുദൂർ: എത്ര നാസിറാത്തുകൾ ഖുത്ബ കേൾക്കുന്നു?

നാസിറാത്ത് സെക്രട്ടറി: 50 ശതമാനം നാസിറാത്തും ഖുത്ബ കേൾക്കാറുണ്ട്.

ഹുദൂർ:നാസിറാത്തുകൾക്ക് പ്രത്യേകമായി ഖിലാഫത്തുമായി ബന്ധം ഉണ്ടാക്കേണ്ടതാണ്. അതിനുവേണ്ടി വിവിധ പരിപാടികൾ തയ്യാറാക്കുക.

സെക്രട്ടറി സ്വിഹ്ഹത്തെ ജിസ്മാനി (ആരോഗ്യ വകുപ്പ്) തന്റെ റിപ്പോർട്ട് സമർപിച്ചു. ലജ്നകൾ വ്യായാമം ചെയ്യാറുണ്ട്. എന്നാൽ, എണ്ണമറിയില്ല.

ഹുദൂർ: അന്വേഷിക്കുക.

സെക്രട്ടറി മാലിനോട് ഹുദൂർ ചോദിച്ചു:വരുമാനമുള്ളവർ എത്ര പേരാണ്? എത്ര ശതമാനം പേർ ചന്ദ നൽകുന്നുണ്ട്? ചന്ദ കൊടുക്കുന്നവരുടെ എണ്ണം വർധിപ്പിക്കണമെങ്കിൽ പ്രോഗ്രാമുകൾ ഉണ്ടാക്കണം. വ്യക്തി ബന്ധം വർധിപ്പിക്കണം. ചന്ദ ടാക്സല്ലെന്ന് അവരോട് പറയേണ്ടതാണ് ഇത് അല്ലാഹുവിന്റെ തൃപ്തി കിട്ടാനുള്ള മാർഗമാണ്.

സെക്രട്ടറി തബ്ലീഗിനോട് ഹുദൂർ ചോദിച്ചു: തബ്ലീഗ് ചെയ്യുന്നുണ്ടോ? വ്യക്തിഗത തബ്ലീഗ് നടക്കുന്നുണ്ടോ?കഴിഞ്ഞ 6 മാസത്തിനുള്ളിൽ ബയ്അത്തെന്തെങ്കിലും നടന്നോ?

സെക്രട്ടറി തബ്ലീഗ്: ഞങ്ങൾ തർബിയ്യത്തി വർക്ക്ഷോപ്പുകളും ക്ലാസുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ലജ്നകളുടെ റിസർച്ച് പാനൽ തയ്യാറാക്കിയിട്ടുണ്ട്. ഓരോ മജ്‌ലിസിലും നമ്മുടെ അഞ്ചഞ്ച് ദായിയാത്തെ ഇലല്ലാഹ് ഉണ്ട്. അവർ തബ്ലീഗ് എല്ലാ മാസവും ചെയ്യുന്നുണ്ട്. വിവിധ മത വിഭാഗങ്ങളുടെ സെമിനാറുകളിൽ പങ്കെടുക്കാറുണ്ട്. അവരുമായി ബന്ധപ്പെടാറുണ്ട്. ലോലിയോ നഗരത്തിൽ ഒരു ബയ്അത്ത് നടന്നു. കൂടാതെ 2 ബയ്അത്തും നടന്നു. എന്നാൽ, അതിന്റെ അംഗീകാരം ഇതുവരെ വന്നിട്ടില്ല. ഓരോ ബയ്അത്ത് ഓരോ മജ്‌ലിസും നടത്തണമെന്ന ഒരു ടാർഗറ്റ് ഈ വർഷം ഞങ്ങൾ വച്ചിട്ടുണ്ട്. ഇത് മുമ്പേയുണ്ടായിരുന്നില്ല. ഞങ്ങൾ സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും പോയി സെമിനാറുകളും നടത്തി വരുന്നു.

ഹുസൂർ: നല്ലതുതന്നെ. അങ്ങനെ ചെയ്യുക. ഇവിടെ യൂണിവേഴ്സിറ്റികളിൽ പോകുന്ന ലജ്നകളുണ്ടെങ്കിൽ അവരെ മുന്നിൽ നിറുത്തിക്കൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കാത്തതെന്തുകൊണ്ടാണ്?

വിഷയം മതപരമായതുതന്നെ വേണമെന്ന് നിർബന്ധമില്ല. ഏതു തരം സെമിനാറായാലും ശരിയാണ്.

സ്വദ്ർ സാഹിബ ലജ്ന സ്വീഡൻ: ഞങ്ങളിവിടെ അഹ്മദി പെൺകുട്ടികളുടെ ഒരു അസോസിയേഷൻ രൂപീകരിക്കട്ടെ?

ഹുദൂർ: 30 നും 40 നുമിടയിൽ അംഗങ്ങളുണ്ടെങ്കിൽ രൂപീകരിക്കുക.

സെക്രട്ടറി തബ്ലീഗ്: ടിറ്ററും മറ്റും വഴിയായി വളരെയധികം ട്രെന്റ് തബ്ലീഗിനുണ്ടായിട്ടുണ്ട്. ലജ്നകൾ അനോനിമസ് അകൗണ്ട്സ്(anonymous accounts)നടത്തുന്നതും മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട് ഹുദൂറിന്റെ മാർഗനിർദേശം ആവശ്യമുണ്ട്.

ഹുദൂർ: വ്യവസ്ഥാപിത മാർഗങ്ങളിലൂടെയാണെങ്കിൽ ചെയ്യുക. എന്നാൽ, ടിറ്ററിലോ വാട്ട്സാപ്പിലോ ഫോട്ടോ പ്രദർശിപ്പിക്കാൻ അനുവാദമില്ല. നിങ്ങൾ അഞ്ചോ ആറോ പെൺകുട്ടികളുടെ ഒരു ടീമുണ്ടാക്കുക. അവർ മറുപടി കൊടുക്കട്ടെ. നിങ്ങളുടെ ടിറ്റർ അക്കൗണ്ടിന്റെ ആക്സിസ് എല്ലാവരുടേയും കൈയിൽ വരാതെ നോക്കണം. മറ്റുള്ളവർ തൃപ്തരാണെങ്കിൽ വർധിപ്പിക്കാൻ സാധിക്കുന്നതാണ്. മറ്റു ലജ്നകൾക്ക് എവിടെ നിന്നെങ്കിലും വിവരം കിട്ടുകയാണെങ്കിൽ അവർ ഈ ടീമിനയച്ചു കൊടുക്കുക. എല്ലാവർക്കും ശരിയായ രൂപത്തിൽ മറുപടി നൽകാനും കഴിയില്ല. ശരിയല്ലാത്ത മറുപടി ബുദ്ധിമുട്ടിലാക്കും. ചിലപ്പോൾ നിങ്ങൾക്കും അറിയണമെന്നില്ല. മുറബ്ബി സാഹിബിനോട് ചോദിച്ച് മറുപടി നൽകേണ്ടി വരും.

സെക്രട്ടറി തബ്ലീഗ്: കനഡ ലജ്ന തുടങ്ങിവെച്ച ജാ സ്യൂയസ് ഹിജാബി(Ja Seus Hijabi) പരിപാടി വളരെ വിജയിച്ചിരുന്നു. ഇത് സ്വീഡനിലും തുടങ്ങാൻ ആലോചിക്കുന്നു. ഫെബ്രുവരി 1 ലോക ഹിജാബ് ദിന(world hijab day)മായി ആചരിക്കുന്നു. മസ്ജിദിനു പകരം സെന്ററിൽ അതിനോടു ബന്ധപ്പെട്ട പിരാപാടി വെക്കാമോ?

ഹുദൂർ: തീർച്ചയായും ആഘോഷിക്കുക. സുഹൃത്തുക്കളെ വിളിക്കുക. എല്ലാവർക്കും സുഹൃത്തുക്കളുണ്ടാകുമല്ലോ? മാധ്യമങ്ങളേയും വിളിക്കുക. മസ്ജിദിനെ ജനങ്ങൾ ഭയപ്പെടുന്നു. മസ്ജിദിലല്ലെങ്കിൽ സെന്ററിൽ വെക്കുക. വ്യക്തി ബന്ധങ്ങൾ ഉണ്ടാക്കുക. 18 വയസ്സിനു മുകളിലുള്ളവരുമായി ബന്ധങ്ങൾ വ്യാപിപ്പിക്കുക. പെൺകുട്ടികളുമായി ചങ്ങാത്തമുണ്ടെങ്കിൽ അവരെ വിളിക്കുക.

തുടർന്ന് ഹുദൂർ സെക്രട്ടറി ഇശാഅത്തിനോട് പറഞ്ഞു: ലജ്നയ്ക്കു വേണ്ടി എന്ത് മാറ്റർ കിട്ടിയാലും അതിന്റെ തർജമ ചെയ്യേണ്ടത് നിർബന്ധമാണ്. തർബിയ്യത്തിനു വേണ്ടി ഖലീഫമാരുടെ തർബിയ്യത്തി ശകലങ്ങൾ സമാഹരിച്ച് അതിന്റെ സ്വീഡിഷ് തർജമ പ്രസിദ്ധീകരിക്കുക.

ഹുദൂർ സെക്രട്ടറി നൗ മുബായിആത്തിനോട് പറഞ്ഞു: പുതുതായി ബയ്അത്ത് ചെയ്യുന്ന മഹിളകളുമായി വ്യക്തി ബന്ധം ഉണ്ടാക്കേണ്ടതാണ്. തർബിയ്യത്തിനുവേണ്ടി ചെറുതും വലുതുമായ കാര്യങ്ങൾ നൽകി അവരുമായി സംഭാഷണം നടത്തേണ്ടതാണ്. അവരുമായി മീറ്റിംഗ് നടത്തേണ്ടതാണ്. സംസാരിക്കേണ്ടതാണ്. ഇന്നലെ ഒരു സ്ത്രീ വന്നിരുന്നു. അവർ പറഞ്ഞത് എന്നെ

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

ഇവിടെയാരും recieve ചെയ്യാറില്ലെന്നാണ്.

സെക്രട്ടറി നൗ മുബായിആത്ത്:ആ സഹോദരി ആരുമായും ബന്ധം വെക്കാറില്ല.

ഹുദൂർ:അവർക്ക് ബന്ധമുള്ളത് ആരുമായിട്ടാണോ അവർ മുഖേന സന്ദേശമെത്തിക്കേണ്ടതാണ്.എല്ലാവരുമായും വ്യക്തിബന്ധം ഉണ്ടാക്കേണ്ടതാണ്.

ഹുദൂർ സെക്രട്ടറി ഖിദ്മത്തെ ഖൽഖിനോടു പറഞ്ഞു: പഴയ അഹ്മദി വീടുകളിൽ പോകുക. അവിടെ പോയി പ്രായമായ സത്രീകൾക്ക് സേവനം ചെയ്യുക. ഇപ്രകാരം ബന്ധങ്ങൾ വളരുന്നതായിരിക്കും.

സെക്രട്ടറി സൻഅത്ത് വ ദസ്ത്കാരി (കരകൗശല വകുപ്പ്) ഹുദൂർ പറഞ്ഞതനുസരിച്ച് റിപ്പോർട്ട് സമർപിച്ചു. മീനാ ബസാറിലൂടെ 89000 ക്രോണർ വരുമാനമുണ്ടാക്കി.

സെക്രട്ടറി തജ്നീദിനോട് ഹുദൂർ പറഞ്ഞു: നിങ്ങളുടെ കൈയിൽ പേരേട് വിവരങ്ങളെല്ലാം ഉണ്ടായിരിക്കണം.

സെക്രട്ടറി പറഞ്ഞു: എന്റെ കൈയിലുണ്ട്. എന്നാൽ, ആളുകൾ വീടോ സ്ഥലമോ മാറി പോകുമ്പോൾ ബന്ധം വെക്കാൻ ബുദ്ധിമുട്ടാണ്.

ഹുദൂർ: എല്ലാ മജ്ലിസുകളും കൃത്യമായി അവരുടെ റിപ്പോർട്ടയക്കുന്നുവെന്നാണ് ഇവിടെ പറയപ്പെട്ടത്. ഒരു സ്ത്രീ വീടുമാറി പോകുകയാണെങ്കിൽ മറ്റൊരു സ്ഥലത്തേക്ക് മാറുകയാണെങ്കിൽ ഇക്കാര്യത്തെ കുറിച്ച് റിപ്പോർട്ടിലില്ലെങ്കിൽ പിന്നെ ആ റിപ്പോർട്ടുകൊണ്ട് എന്ത് പ്രയോജനം? ഓരോ മജ്ലിസിൽനിന്ന് നിങ്ങൾക്ക് റിപ്പോർട്ട് കിട്ടേണ്ടതുണ്ട്. ഇത് നിങ്ങളുടെ സിസ്റ്റത്തിന്റെ ദൗർബല്യമാണ്. സിസ്റ്റം ശരിയായ സ്ഥലത്ത് ലോക്കൽ സ്വദ്ർ ഉടൻതന്നെ തങ്ങളുടെ ഇന്ന മെംമ്പർ ഇവിടം വിട്ട് ഇന്ന സ്ഥലത്തേക്ക് മാറിപ്പോയിരിക്കുന്നുവെന്ന് കേന്ദ്രത്തെ അറിയിക്കും.ലോക്കൽ സ്വദ്ർ ആക്റ്റീവ് ആണെങ്കിൽ ഇതിൽ ഒരു പ്രയാസവും ഉണ്ടാകുന്നതല്ല. ഇതിന്റെ അർഥം നിങ്ങളുടെ വ്യക്തി ബന്ധങ്ങൾ അടിവേരിൽ നിന്നല്ല എന്നാണ്. അവരെ ഊർജ്ജസ്വലരാക്കേണ്ടതുണ്ട്. സ്വദ്ർ സാഹിബ ഈ വിടവുകൾ നികത്തുക.

സ്വീഡൻ ലജ്ന സ്വദ്ർ സാഹിബ: ഈ പ്രശ്നപരിഹാരത്തിന് ഞങ്ങൾ മൂന്ന് പുതിയ മജ്ലിസ് ഉണ്ടാക്കിയിട്ടുണ്ട്. ഇപ്രകാരം സ്വദ്ർ മാർക്ക് പ്രവൃത്തിക്കാൻ എളുപ്പമാണ്. ഇതിന്റെ ഫലമായി അൽഹംദു ലില്ലാഹ് വ്യക്തി ബന്ധങ്ങൾ വർധിക്കുന്നുണ്ട്.

ഹുദൂർ: ശരിയാണ്. വ്യക്തി ബന്ധങ്ങൾ വ്യാപിപ്പിക്കുക. ആമിലായുടെ മേലും ഉത്തരവാദിത്വമിടുക. വ്യക്തി ബന്ധം ഉണ്ടാക്കേണ്ടത് അവരുടെകൂടി ബാദ്ധ്യതയാണ്. കേന്ദ്രീകൃതമായ നിലയിൽ നിങ്ങൾക്കും വ്യക്തി ബന്ധം നിലനിറുത്താവുന്നതാണ്. ഒരു ലജ്ന ആക്ടീവ് മെംമ്പറാണെങ്കിൽ സ്ഥലം മാറിപ്പോകുമ്പോൾ ജമാഅത്തുമായി ബന്ധപ്പെടാതെ പോവുകയില്ല. അല്ലെങ്കിൽ മറ്റെവിടെ നിന്നെങ്കിലും വന്നാലും ബന്ധപ്പെടാതിരിക്കില്ല. ആരും അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആ കുടുംബം പൂർണമായും വളരെ പിന്നാക്കം പോയിരിക്കുന്നു. കാരണം,സ്ത്രീ തനിച്ചല്ല സ്ഥലം മാറിപ്പോകുക, കുടുംബം പൂർണമായും പോകുന്നു. അല്ലെങ്കിൽ ജമാഅത്തിന്റെ ഉദ്യോഗസ്ഥരുമായി വ്യക്തിപരമായ നീരസമുണ്ട്, അല്ലെങ്കിൽ പറയാൻ ആഗ്രഹിക്കാത്ത തർക്കങ്ങൾ കാണും. ഉദ്യോഗസ്ഥർ നേരെയാകുകയാണെങ്കിൽ ജനങ്ങളും നേരെയാകും. നിങ്ങളിൽ നിന്നും 91 ശതമാനവും ഖുത്ബ കേൾക്കുന്നവരാണെങ്കിൽ പിന്നെ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാനേ പാടില്ല.

സ്വദ്ർ ലജ്ന സ്വീഡൻ: ഞങ്ങൾ യുവതികളായ പെൺകുട്ടികളെ എങ്ങനെയാണ് കൂടുതൽ അടുപ്പിച്ചു കൊണ്ടു വരേണ്ടത്. ഞാൻ ആമില രൂപീകരിച്ചപ്പോൾ യുവതികളെയാണ് കൂടുതൽ എടുത്തത്. എന്നാലിപ്പോൾ ചിലരുടെ വിവാഹം കഴിഞ്ഞു.അവർ രാജ്യത്തിന് പുറത്തേക്ക് പോയി.

ഹുദൂർ: പാക്കിസ്താനിൽ നിന്ന് വന്നവരേയും എടുക്കുക, അങ്ങനെ അവരും അടുത്ത് വരട്ടെ. ഭാഷയുമായി ബന്ധമുണ്ടാകട്ടെ. എന്നാൽ, ഇവിടുത്തെ യൂണിവേഴ്സിറ്റിയിൽ പഠിച്ചു വളർന്നവരേയും എടുക്കുക. ഉപനേതൃത്വം കൊടുക്കുക. ഇശാഅത്ത് വിഭാഗത്തിന്റെ ഒരു ടീം ഉണ്ടാകേണ്ടതാണ്. അതേപോലെതന്നെ ജനറൽ സെക്രട്ടറി, തബ്ലീഗ്, തർബിയ്യത്ത് വിഭാഗത്തോടൊപ്പം ചേർക്കേണ്ടതാണ്. ഇപ്രകാരം ഒരു സെക്കന്റ് ലൈൻ തയ്യാറാകുകയും ചെയ്യും.

സെക്രട്ടറി ഇശാഅത്ത്:മ ുമ്പേ ഞങ്ങൾ ലേഖനങ്ങൾ അയക്കുമ്പോൾ അത് പ്രസിദ്ധീകരിക്കുമായിരുന്നു. എന്നാൽ, ഇപ്പോൾ ഇസ്ലാമിനോട് എത്രമാത്രം വെറുപ്പായിരിക്കുന്നുവെന്നാൽ പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നില്ല.

ഹുദൂർ: നിങ്ങൾക്ക് നിങ്ങളുടെ രീതി മാറ്റേണ്ടിവരും. ഇപ്പോൾ ജനങ്ങൾ പത്രങ്ങളിൽ വരുന്ന കത്തുകളും ആർട്ടിക്കുകളുമാണ് വായിക്കാറുള്ളത്. നിങ്ങൾ ഇസ്ലാമിനെ കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയാതെ തന്നെ സ്വന്തം ലേഖനം എഴുതാവുന്നതാണ്. എവിടെയെങ്കിലും ഇസ്ലാമിനെ കുറിച്ച് ഒരു വാക്യം എഴുതിയേക്കുക. നിങ്ങൾ തുറന്നനിലയിൽ തബ്ലീഗ് ആരംഭിക്കാതിരുന്നാൽ ഇങ്ങനെ പത്രങ്ങളിൽ പ്രവേശനം ലഭിക്കും. രണ്ടോ നാലോ കത്തുകൾ പ്രസിദ്ധീകൃതമായിക്കഴിഞ്ഞാൽ പത്രക്കാർക്ക് ഒരു നയമുണ്ട്. നല്ല നല്ല കത്തുകൾ അവർ പുനഃപ്രസിദ്ധീകരിക്കുന്നതാണ്. ഇന്നത്തെ കത്ത്, ആഴ്ച, മാസം, വർഷം എന്നീ നാമങ്ങളിൽ കത്ത് പുനഃ പ്രസിദ്ധീകരിക്കുന്നു. ഇതിന്റെ പുറമെ പാരിതോഷികവും ലഭിക്കുന്നു. ജനങ്ങൾ നിങ്ങൾക്ക് എങ്ങനെ മറുപടി നൽകണമെന്ന നിങ്ങളുടെ സമീപനം മാറ്റേണ്ടി വരും. തുറന്ന നിലയിൽ മറുപടി കൊടുക്കാതിരിക്കുക. യുക്തിപരമായി മറുപടി കൊടുക്കുക. ഒരേ പത്രത്തിൽ ഒരേ നാമം രണ്ടോ നാലോ പ്രാവശ്യം വന്നാൽ നിങ്ങൾ അവരുടെ ലിസ്റ്റിൽ വരുന്നു. ശേഷം നിങ്ങൾ തുറന്നെഴുതുമ്പോൾ അവർ നിങ്ങളോട് ചോദിച്ചുതുടങ്ങും. ചിലയവസരങ്ങളിൽ നേരിട്ടുള്ള സമീപനത്തിനു പകരം ചില പരോക്ഷ സമീപനം സ്വീകരിക്കേണ്ടിവരും.അവരുടെ മനശ്ശാസ്ത്രം മനസ്സിലാക്കിക്കൊണ്ട് വിവിധ വിഷയങ്ങളിൽ ശരിയായ സമീപനം സ്വീകരിച്ചു കഴിഞ്ഞാൽ പ്രസിദ്ധീകരിക്കുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്.

സെക്രട്ടറി തഅ്ലിം പറഞ്ഞു: ഞങ്ങൾ ഒരു ഖുർആൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ നൂറു ശതമാനം ലക്ഷ്യം ഖുർആൻ ഓതുന്ന രീതി നന്നാക്കുക, തർജമയും മറ്റും പഠിപ്പിക്കുക എന്നതാണ്. ഈ കമ്മിറ്റിയെ ഞങ്ങൾക്ക് എങ്ങനെ കാര്യക്ഷമമാക്കാൻ കഴിയും?

ഹുദൂർ: ആദ്യം പഠിക്കാനാഗ്രഹിക്കുന്നവരുടെ ലിസ്റ്റുണ്ടാക്കുക. ഞങ്ങൾ പരിശുദ്ധ ഖുർആൻ പാരായണ രീതി പഠിപ്പിക്കുന്ന ക്ലാസ് ആരംഭിച്ചിരിക്കുന്നുവെന്നും ഇതിൽ ചേരാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ പേര് അറിയിക്കുക എന്നും പറഞ്ഞ് മജ്ലിസിലുള്ള ഓരോരുത്തർക്കും വെവ്വേറെ കത്തെഴുതുക. നാലു പേരാണെങ്കിലും പത്തു പേരാണെങ്കിലും ശരി അവരെ പഠിപ്പിച്ചു തുടങ്ങുക. നിങ്ങൾ അവരെ പഠിപ്പിക്കുകയും നല്ല രീതിയിലെത്തപ്പെടുകയും ചെയ്യുമ്പോൾ ശ്രദ്ധ പിടിച്ചുപറ്റും. അവർ അവരുടെ കൂട്ടുകാരികളോട് പറയും. മെല്ലെ മെല്ലെ എണ്ണം കൂടാൻ തുടങ്ങും. ആദ്യ ദിനങ്ങളിൽ നൂറു ശതമാനം റിസൾട്ട് ലഭിക്കില്ല. നല്ല പരിചരണം ലഭിക്കുകയും നല്ല രീതിയിൽ പഠിപ്പിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ സ്വയം ഈ ക്ലാസ് വ്യാപിച്ചു കൊണ്ടേ പോകും. വലിയ പ്രായത്തിലുള്ളവർ സഹകരിക്കാതിരുന്നാലും 18,19,20 വയസ്സു പ്രായമുള്ള യുവതികളെ സഹപ്രവർത്തനത്തിന് നിയോഗിക്കുക. എല്ലാവർക്കും സ്വീഡിഷ് ഭാഷയും നല്ലവണ്ണം കൈകാര്യം ചെയ്യാൻ കഴിയേണ്ടതുണ്ട്.

സെക്രട്ടറി സ്വിഹ്ഹത്തെ ജിസ്മാനി ചോദിച്ചു: ചാരിറ്റി വാക്ക് (സഹായ ഫണ്ട് യാത്ര) സംഘടിപ്പിക്കാൻ ഞങ്ങൾക്കും സാധിക്കുമോ?

ഹുദൂർ: ലജ്നകളുടെ ചാരിറ്റിവാക്ക് ഒന്നോ രണ്ടോ സ്ഥലത്ത് നടത്തിയിരുന്നു. അത് വിജയിച്ചില്ല. പ്രയാസങ്ങൾ ഉണ്ടാകുന്നു. കാരണം, ചാരിറ്റിവാക്ക് ശരിക്കും നടത്തണമെങ്കിൽ സ്കാർഫ് ധരിച്ചു കൊണ്ടാണ് ചെയ്യേണ്ടത്. ഒന്നോ രണ്ടോ സ്ഥലത്ത് ഖുദ്ദാമോ അൻസാറോ ആദ്യംപോയി പിന്നാലെ ലജ്നകളുംപോയി. അവസാനം ലജ്നകൾ പറഞ്ഞു തങ്ങൾ പൊകാതിരിക്കുന്നതാണ് നല്ലതെന്ന്. നിങ്ങളിവിടെ 300 പേരുണ്ട്. നിങ്ങളെന്ത് ചാരിറ്റി വാക്ക് നടത്താനാണ്. അൻസാറിന്റേയോ ഖുദ്ദാമിന്റേയോ ഭാഗത്തു നിന്ന് ജമാഅത്തീ നിലയിൽ നടത്തപ്പെടുകയാണെങ്കിൽ ഡ്രസ്കോഡ് ശ്രദ്ധിക്കുക എന്ന നിബന്ധനയോടെ നിങ്ങൾക്കും ചേരാവുന്നതാണ്. ശരിയായ രീതിയിൽ ഡ്രസ്കോഡ് ശ്രദ്ധിക്കുമെങ്കിൽ ചേരാവുന്നതാണ്. ടീ ഷർട്ട് ധരിച്ചുകൊണ്ട് വരാൻ പാടില്ല. കോട്ട് ധരിക്കുക. ബുർക്കയ്ക്ക് മുകളിൽ സ്കാർഫ് ധരിക്കുക. ധൈര്യം കാണിക്കുക. ധൈര്യമുണ്ടെങ്കിൽ ധൈര്യം കാണിക്കുക. ഇവിടുത്തെ പെൺകുട്ടികളിൽനിന്ന് രണ്ടോ നാലോ പേർ ധൈര്യം കാണിക്കുകയാണെങ്കിൽ അവരുടെ കോംപ്ലക്സും പോയിക്കിട്ടും. ചുരുങ്ങിയത് ആമിലയിലെ അംഗങ്ങളെങ്കിലും സ്കാർഫ് ധരിച്ച് പോകേണ്ടതാണ്. ജനങ്ങൾ കുറച്ച് കളിയാക്കും, പിന്നീട് സ്വയമേവ ശരിയാകും.

സെക്രട്ടറി ഖിദ്മത്ത് ഖൽഖ്: ഞങ്ങൾക്ക് എങ്ങനെ കൂടുതൽ ഫണ്ട് സ്വരൂപിക്കാൻ കഴിയും?

ഹുദൂർ: അല്ലാഹുവുമായി ബന്ധം ഉണ്ടാക്കുക. പണം സ്വയമേവ വന്ന് ചേർന്നു കൊണ്ടിരിക്കും.

സെക്രട്ടറി തബ്ലീഗ്: ഞങ്ങളുടെ ശൂറയിലെ തീരുമാനങ്ങളിൽ ഒന്ന് റേഡിയോ ചാനൽ മുഖേന തബ്ലീഗ് ചെയ്യുകയെന്നതാണ്. എന്നാൽ, ഇതു വിഷയമായി ഒരു മജ്ലിസിനൊഴികെ ബാക്കി സ്ഥലങ്ങളിൽ പ്രയാസ്സങ്ങൾ നേരിടുന്നുണ്ട്.

ഹുദൂർ: ടി.വിയിൽ അവസരം കിട്ടുന്നില്ലെങ്കിൽ വ്യക്തി ബന്ധങ്ങൾ വ്യാപിപ്പിക്കുക. പൊതു വായ ബന്ധങ്ങൾ വിശാലമാക്കുക. മീനാ ബസാറിലൂടെ നിങ്ങൾ സ്വരൂപിച്ച തുക മുഖേന പ്രൊജക്ഷൻ ചെയ്യാനുള്ള വഴികൾ കണ്ടെത്തുക.

(തുടരും)

## ഹദീഥുന്നബ്വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടേരിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## അല്ലഹുവിന്റെ കലാം:

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 30 May 2019 Issue-22

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 2ൽനിന്ന്)

സംബന്ധിച്ച പ്രവചനത്തെക്കുറിച്ച് ചിന്തിക്കുക. ബ്രിട്ടീഷ് ഗവർമ്മെന്റ് ബംഗാൾ വിഭജനത്തെക്കുറിച്ചുള്ള തങ്ങളുടെ തീരുമാനം ഉയർത്തിപ്പിടിക്കുമെന്ന് ഉറപ്പിച്ച് പറഞ്ഞപ്പോൾ ബംഗാളികൾക്ക് എല്ലാ ആശയും നശിച്ചു. ആ സമയത്ത് സർവ്വശക്തനായ ദൈവം വാഗ്ദത്ത മസീഹ്(അ)ന് താഴെ പറയുന്ന അറിയിപ്പ് നല്കി.

*"ബംഗാളിനെക്കുറിച്ച് ഇറക്കപ്പെട്ട ഉത്തരവ്, അവർ ആശ്വസിപ്പിക്കപ്പെടും."*

ബംഗാളി സമുദായം അത്ഭുതപ്പെട്ടു. ഈ പ്രവചനം മുഖേന അവർ അന്ധാളിച്ചുപോയി. ഒരു ബംഗാളിദിനപത്രം എഴുതി: ഗവർമ്മെന്റ് ആവർത്തിച്ച് തങ്ങളുടെ തീരുമാനം നടപ്പിലാക്കുമെന്ന് ഉറപ്പിച്ചു പറയുന്നു. ബംഗാൾ വിഭജിക്കാനുള്ള തീരുമാനത്തിൽ ഒരു ഭേദഗതിയും വരുത്തുകയില്ലെന്നും പറയുന്നു. എന്നിട്ടും പഞ്ചാബിൽനിന്ന് ബോധശൂന്യനായ (നഊദുബില്ലാഹ്) ഒരു വ്യക്തി അവകാശപ്പെടുന്നു ബംഗാളികൾ ആശ്വസിപ്പിക്കപ്പെടുമെന്ന്. പക്ഷേ, മുമ്പേയുള്ള എല്ലാ പ്രസ്താവനകൾക്കും എതിരായി, ദൈവേച്ഛ ഫലവത്തായി. തീരുമാനത്തിന്റെ ഭേദഗതി മുഖേന ബംഗാളികൾക്ക് ആശ്വാസം കിട്ടി.

അതുപോലെ ചില പ്രവചനങ്ങൾക്ക് സങ്കീർണമായ വശങ്ങളുണ്ടാവും. ഉദാഹരണമായി, ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ന്റെ ഒരു മകൻ ചരമമടഞ്ഞപ്പോൾ അഹ്മദിയ്യത്തിന്റെ എതിരാളികൾ അദ്ദേഹത്തെ പരിഹസിച്ചു. ആ സന്ദർഭത്തിൽ മൗലവി സാഹിബിന്(റ) ഒരു പുത്രനുണ്ടാകുമെന്ന് അവൻ 13നും 18നും ഇടയ്ക്കുള്ള പ്രായത്തിലെത്തുമെന്നും വാഗ്ദത്ത മസീഹിന്(അ) സർവ്വശക്തനായ അല്ലാഹു വെളിപാട് നൽകി. ആ പുത്രനെക്കുറിച്ച് ഗുലാം എന്ന പദമാണുപയോഗിക്കപ്പെട്ടിരുന്നത്. അവന്റെ മറ്റുചില ഗുണങ്ങളും വെളിപാടിലുണ്ടായിരുന്നു. അതായത് അവൻ ഭാരിച്ച ശരീരവും വലിയ കണ്ണുകളും സുന്ദരമായ നിറവും അവന്റെ കാലുകളിൽ കുരുവിനു സദൃശമായ അടയാളങ്ങളുണ്ടായിരിക്കുമെന്നും പറയപ്പെട്ടിരുന്നു. പ്രവചനസമയത്ത് മൗലവി സാഹിബ്(റ)ന് ഏകദേശം 60 വയസ്സ് പ്രായമായിരുന്നു. ഈ പ്രവചനത്തിലെ ഒരു വശം മൗലവി സാഹിബ്(റ)നെ സംബന്ധിച്ചുള്ളതായിരുന്നു.

ഈ പ്രവചനത്തിന്റെ മറ്റൊരു വശം സാധാരണഗതിയിൽ മൗലവി സാഹിബ്(റ)ന്റെ മക്കൾ ദീർഘകാലം ജീവിക്കില്ലെന്നായിരുന്നു. തൂക്കത്തിൽ കുറഞ്ഞവരായിരിക്കുമെന്നുമായിരുന്നു. അതിനു വിപരീതമായി ഈ കുട്ടി ശക്തിയും ആരോഗ്യവുമുള്ളവനും പ്രായപൂർത്തിയിലെത്തുന്നവനുമാകുമെന്നായിരുന്നു പ്രവചനം. അപ്രകാരം, മൗലവി സാഹിബിന് ഒരു മകൻ ജനിച്ചു. മേൽപറഞ്ഞ എല്ലാ സവിശേഷഗുണങ്ങളും അവനിൽ പൂർത്തിയായിരുന്നു. മറ്റൊരു പ്രവചനം ഒരു ഭൂകമ്പത്തെക്കുറിച്ചുള്ളതായിരുന്നു. ആ ഭൂകമ്പത്തിനുശേഷം ജമാഅത്തിന് വളരെയധികം പുരോഗതിയുണ്ടാകുമെന്നും പറയപ്പെട്ടിരുന്നു. ആ ഭൂകമ്പം കാരണമായി ധർമശാല പട്ടണം നശിപ്പിക്കപ്പെട്ടു. ഈ പട്ടണത്തിൽ ഒരഹ്മദിക്കെതിരിൽ വ്യാജമായ ഒരു കേസുണ്ടായിരുന്നു. അദ്ദേഹം വാഗ്ദത്ത മസീഹ്(അ)നോട് സഹായത്തിനായി പ്രാർഥിക്കാൻ അപേക്ഷിക്കുകയും വാഗ്ദത്ത മസീഹ്(അ) പ്രാർഥിക്കാറുമുണ്ടായിരുന്നു. ഭൂകമ്പം വന്നപ്പോൾ മജിസ്ട്രേട്ടും കേസ് നടത്തിയ വക്കീലും അഹ്മദിക്കെതിരിൽ കേസ്കൊടുത്ത വ്യക്തിയും കൊല്ലപ്പെട്ടു. എന്നാൽ, അഹ്മദിക്ക് ഒരു വിഷമവും നേരിട്ടില്ല. ഇത് ദൈവത്തിന്റെ ഒരു പ്രവൃത്തിയല്ലേ? പിന്നെ മറ്റുള്ളവർക്ക് വിജയമുണ്ടായിട്ടുള്ളതുകൊണ്ട് ഹദ്റത്ത് മിർസാ സാഹിബ്(അ)നുള്ള വിജയം അദ്ദേഹത്തിന്റെ സത്യതക്ക് തെളിവല്ല എന്നു പറയുന്നത് പരിപൂർണമായും വ്യാജമാണ്. അതിനുള്ള കാരണമെന്തെന്നാൽ മറ്റുള്ളവർക്ക് താരതമ്യേനയുണ്ടായ വിജയം തീർച്ചയായും തങ്ങൾക്കും വിജയം ഉണ്ടാകുമെന്ന് മുൻകൂട്ടി അവകാശപ്പെട്ടിട്ടില്ല എന്നതാണ്. അവർ തങ്ങളുടെ പരിശ്രമങ്ങളിൽ വിജയിച്ചില്ലായിരുന്നുവെങ്കിൽ അവരെ വ്യക്തിപരമായി അത് ബാധിക്കുമായിരുന്നില്ല. എങ്കിലും വാഗ്ദത്ത മസീഹ്(അ) അവകാശവാദം വളരെമുമ്പേ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിനു ലഭിച്ച വിജയം തന്റെ അവകാശവാദത്തിനു തികച്ചും അനുയോജ്യമായിരുന്നു. വാഗ്ദത്ത മസീഹ്(അ)നെ കൂടാതെ മറ്റാളുകൾക്ക് ലഭിച്ച വിജയത്തിന്റെ ഉദാഹരണം ഓട്ടപന്തയത്തിൽ മത്സരിച്ച കുറഞ്ഞ ആളുകളെപോലെയാണ്. ഒരു ഓട്ടപന്തയത്തിൽ പങ്കെടുക്കുന്നവരിൽ ഒരാൾ വിജയിക്കുമെന്നത് അനിവാര്യമാണ്. ഈ ഉദാഹരണത്തിന്നെതിരിൽ മസീഹ് മൗഊദ്(അ)ന്റെ ഉദാഹരണം ജനങ്ങളുടെ ഒരു ഗ്രൂപ്പ് ഓട്ടപന്തയത്തിൽ മത്സരിക്കുകയും അവരിൽ ഒരാൾ താൻ ജയിക്കുമെന്ന് അവകാശപ്പെടുകയും അങ്ങനെ അയാൾ ജയിക്കുകയും ചെയ്തു എന്നതുപോലെയാണ്. സാഹചര്യങ്ങൾ അദ്ദേഹത്തിന് അനുകൂലമായിരുന്നുമില്ല. യഥാർഥത്തിലുള്ള ഒരുദാഹരണം ഇതാണ്. ലാഹോറിൽ ചേർന്ന മത മഹാ സമ്മേളനത്തിൽ വാഗ്ദത്ത മസീഹ് (അ)ന്റെ ഒരു ഉപന്യാസം വായിക്കപ്പെട്ടു. സംഭവത്തിനു മുമ്പേതന്നെ പരസ്യം മുഖേന തന്റെ പ്രബന്ധം പരമോന്നതമായി പ്രഖ്യാപിക്കപ്പെടുമെന്നു വാഗ്ദത്ത മസീഹ്(അ) പ്രഖ്യാപിച്ചിരുന്നു. അങ്ങനെ എല്ലാ ഉപന്യാസങ്ങളിലുംവെച്ച് വാഗ്ദത്ത മസീഹ്(അ)ന്റെ ഉപന്യാസം അതുല്യമാണെന്ന് പ്രഖ്യാപിക്കപ്പെടുകയും എതിരാളികൾക്കുപോലും അത് സമ്മതിക്കേണ്ടി വരികയും ചെയ്തു. ഇങ്ങനെ ഒരു പ്രഖ്യാപനം നടത്തുകയെന്നത് ഒരു വ്യക്തിയുടെ കഴിവിൽപെട്ടതാണോ? ഓരോ മതവും അതിന്റെ പ്രതിനിധിയുണ്ടെന്നിരിക്കെ അവർക്ക് വിജയിക്കാൻ സാധ്യമല്ല എന്ന് എങ്ങനെ ഒരാൾക്ക് പറയാൻ സാധിക്കും? (അൽഫസ്ൽ 1921 മാർച്ച് 14, അൻവാറുൽ ഉലൂം വാല്യം 6, പേജ് 3)

ഈ പ്രസംഗം 1921–ൽ ഉർദുവിൽ ചെയ്യപ്പെട്ടതാണ്. ഇതാദ്യമായാണ് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തപ്പെട്ടിരിക്കുന്നത്.(ദി റിവ്യൂ ഓഫ് റിലീജിയൻസ്, ഫെബ്രുവരി 2019)

☆☆☆

(പേജ് 2ൽനിന്ന്)

യമനിലെ പ്രദേശത്തും ഈ പേരിലുള്ള ഏതെങ്കിലും ഗ്രാമം ഉണ്ടാകാൻ സാധ്യതയുണ്ട്. പക്ഷേ, ഓർക്കുക! യമൻ, ഹിജാസിന്റെ കിഴക്കുഭാഗത്തല്ല, മറിച്ച് തെക്കാണ്. ഈ പഞ്ചാബിൽ മറ്റൊരു ഖാദിയാനുമുണ്ട്; അത് ലുധിയാനയുടെ അടുത്താണ്.

ഇതിനു പുറമെ സ്വയം നിയതിനിയമം ഈ സാധുവിന്റെ നാമം വെച്ചിട്ടുള്ളതും സൂക്ഷ്മമായ സൂചന ഈ ഭാഗത്തേക്ക് നല്കുന്നുണ്ട്. കാരണം 'ഗുലാം അഹ്മദ് ഖാദിയാനി' എന്നത് അക്ഷര സംഖ്യാശാസ്ത്രമനുസരിച്ച് 1300 ആകുന്നു. അതായത് ഈ നാമത്തിലുള്ള ഇമാം പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വരുന്നതായിരിക്കുമെന്ന്. നബി(സ)തിരുമേനിയുടെ സൂചന ഇതിലേക്കായിരുന്നു.

**ആകാശീയവും ഭൗമികവുമായ വിപത്തുകൾ:**

വിപത്തുകളും ഒരു അടയാളമാകുന്നു. ആകാശീയമായ വിപത്തുകൾ വരൾച്ചയുടേയും, പ്ലേഗിന്റേയും, കോളറയുടേയും രൂപം പ്രാപിച്ചു. പ്ലേഗ് എന്നത് ഭയാനകമായ ഒരു ശിക്ഷയാണ്. അത് സർക്കാരിനെപോലും കൊടുങ്കാറ്റിലിട്ടു. അതിന്റെ ചുവടുകൾ വർധിച്ചാൽ രാജ്യം മുഴുവൻ കാലിയാകുന്നതായിരിക്കും. ഭൗമികമായ വിപത്തുകൾ യുദ്ധങ്ങളും ഭൂകമ്പങ്ങളുമായിരുന്നു. അവ രാജ്യത്തെ നശിപ്പിച്ചു. തന്റെ സാക്ഷ്യത്തിന് ആകാശീയമായ ദൃഷ്ടാന്തം കാണിക്കുക എന്നത് ദൈവനിയോഗിതന് ആവശ്യമായിട്ടുള്ളതാണ്. ലേഖ്റാമിന്റെ ദൃഷ്ടാന്തം ചെറുതായിരുന്നുവോ? ഒരു ഗുസ്തിപിടിത്തം എന്ന നിലയിൽ പലവർഷംവരെ ഒരു നിബന്ധനയിൽ അത് നിന്നു. 5 വർഷം നിരന്തരം യുദ്ധം നടന്നുകൊണ്ടിരുന്നു. ഇരുകക്ഷികളും വിജ്ഞാപനങ്ങൾ ഇറക്കി പൊതുവായ പ്രസിദ്ധി ഉണ്ടാക്കി. എങ്ങനെയെന്നാൽ അതിന് തുല്യത കിട്ടുകയില്ല. പിന്നീട് പറയപ്പെട്ടതുപോലെ സംഭവിച്ചു. ഈ സംഭവത്തിന് സമാനമായ മറ്റു വല്ല സംഭവവുമുണ്ടോ? ധർമമഹോത്സവത്തെ സംബന്ധിച്ചും ഒരുപാട് ദിവസം മുമ്പേ പരസ്യപ്പെടുത്തിയതാണ്; എന്റെ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളേയും പ്രഭാഷണങ്ങളേയും വെല്ലുന്നതായിരിക്കുമെന്ന് കാലേകൂട്ടി നമ്മെ അല്ലാഹു അറിയിച്ചതാണ്. ഈ മഹത്തായതും ഭയഭക്തിനിർഭരവുമായ ജൽസ കണ്ടിട്ടുള്ളവർക്ക് സ്വയം ചിന്തിക്കാവുന്നതാണ്. അത്തരം സമ്മേളനത്തിൽ വിജയം വരിക്കുമെന്നുള്ള വാർത്ത കാലേകൂട്ടി അറിയിക്കുക എന്നത് എന്തെങ്കിലും ഊഹമോ അനുമാനമോ ആയിരുന്നില്ല. പിന്നീട് പറയപ്പെട്ടതുപോലെ സംഭവിക്കുകയും ചെയ്തു. *വ ആഖിറു ദഅ്വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ*

(മൽഫൂദാത്ത്, വാല്യം 1, പേജ് 40–42, പ്രസാധനം 2018 ഖാദിയാൻ)

★★★

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
M.P.Haneef Ahmad
Ameer Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin